VOL NO: 08 | ISSUE 45
2024 NOVEMBER 09 | ₹10

# നേർപഥം

വാരിക
www.nerpatham.com | mail@nerpatham.com

മോട്ടിവേഷൻ ഉപകാരപ്രദമായ ഒരു പ്രക്രിയയാണ്. എന്നാൽ മിക്ക മോട്ടിവേറ്റർമാരും പറഞ്ഞു പഠിപ്പിക്കുന്ന കാര്യങ്ങളിൽ ഒരു മുസ്‌ലിമിന്റെ വിശ്വാസത്തെ പ്രതികൂലമായി ബാധിക്കുന്നവ കടന്നുവരാറുണ്ട്. “മറ്റുള്ളവർ എന്തു പറഞ്ഞാലും എന്തു വിചാരിച്ചാലും ശരി, എന്റെ കാര്യം ഞാൻ തന്നെ തീരുമാനിക്കും” എന്ന് പ്രതിജ്ഞ ചെയ്യിക്കുമ്പോൾ മാതാപിതാക്കളെ ധിക്കരിച്ച് മുന്നേറാനുള്ള പ്രേരണയാണത് നൽകുന്നത്. പരലോക വിജയം ലക്ഷ്യമാക്കി ജീവിക്കുന്ന വിശ്വാസികൾ ഒരു ഘട്ടത്തിലും മതത്തിന്റെ ചട്ടക്കൂടുകൾ ലംഘിച്ചുകൂടാ.

## മോട്ടിവേഷൻ മന്ത്രങ്ങളിലെ വിശ്വാസ വിരുദ്ധതകൾ

### സമസ്തയും മമ്പുറം തങ്ങളും

- വിനഷ്ടമായ തണലുകൾ
- സ്രഷ്ടാവിൽ ഭരമേൽപിക്കുക
- സൃഷ്ടികളോട് കരുണ കാണിക്കുന്നവനാണ് സത്യവിശ്വാസി




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0407
# നേർപഥം
വാരിക

2024 നവംബർ 09
1446 ജു. ഊലാ 07
പുസ്തകം 08 / ലക്കം 45




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

വിമർശനം

കവർ സ്റ്റോറി



10 മോട്ടിവേഷൻ മന്ത്രങ്ങളിലെ വിശ്വാസ വിരുദ്ധതകൾ

സലീം പട്‌ല

മോട്ടിവേഷൻ ഉപകാരപ്രദമായ ഒരു പ്രക്രിയയാണ്. എന്നാൽ മിക്ക മോട്ടിവേറ്റർമാരും പറഞ്ഞു പഠിപ്പിക്കുന്ന കാര്യങ്ങളിൽ ഒരു മുസ് ലിമിന്റെ വിശ്വാസത്തെ പ്രതികൂലമായി ബാധിക്കുന്നവ കടന്നു വരാറുണ്ട്. "മറ്റുള്ളവർ എന്തു പറഞ്ഞാലും എന്തു വിചാരിച്ചാലും ശരി, എന്റെ കാര്യം ഞാൻ തന്നെ തീരുമാനിക്കും' എന്ന് പ്രതിജ്ഞ ചെയ്യിക്കുമ്പോൾ മാതാപിതാക്കളെ ധിക്കരിച്ച് മുന്നേറാനുള്ള പ്രേരണയാണത് നൽകുന്നത്. പരലോക വിജയം ലക്ഷ്യമാക്കി ജീവിക്കുന്ന വിശ്വാസികൾ ഒരു ഘട്ടത്തിലും മതത്തിന്റെ ചട്ടക്കൂടുകൾ ലംഘിച്ചുകൂടാ.

05 മുഖമൊഴി
സൃഷ്ടികളോട് കരുണ കാണിക്കുന്നവനാണ് സത്യവിശ്വാസി

06 ലേഖനം
സമസ്തയും മമ്പുറം തങ്ങളും
കെ.മുസ്തഫ കമാൽ, മുന്നിയൂർ

08 കാഴ്ച
വൈകിയെത്തുന്ന ഭാഗ്യം
ഇബ്നു അലി

18 ചരിത്രപഥം
തൂലിക പടവാളാക്കിയ പരിഷ്കർത്താവ്
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

23 ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുസ്സബഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

25 ബാലപഥം
വിജയത്തിന്റെ വഴി
വി.വി. ബഷീർ വടകര

26 വിമർശനം
ആദർശം; പുതിയ വ്യാഖ്യാനവും പഴയ നിലപാടുകളും
മൂസ സ്വലാഹി കാര

31 കർമപഥം
രണ്ടു നമസ്കാരങ്ങൾ ജംആക്കൽ
ഡിവ. അബ്ദുൽ ജബ്ബാർ മദീനി

33 ഹദീസ് പാഠം
സ്രഷ്ടാവിൽ ഭരമേൽപിക്കുക
ഉസ്മാൻ പാലക്കാഴി

34 കവിത
വിനഷ്ടമായ തണലുകൾ
ശാക്കിറ ടി.ക, കൊല്ലം

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# സത്യാന്വേഷികൾക്ക് വെളിച്ചം പകർന്ന് പരപ്പനങ്ങാടി രണ്ടാം ഖണ്ഡനം സമാപിച്ചു

പരപ്പനങ്ങാടി: പ്രവാചകവചനങ്ങളുടെ പ്രാമാണികതയെ ചോദ്യം ചെയ്തുകൊണ്ടും മുവഹ്ഹിദുകൾക്ക് നേരെ ശിർക്കാരോപണം നടത്തിയും മർകസുദ്ദഅ്‌വക്കാർ നടത്തിയ പ്രമാണ വിരുദ്ധമായ പ്രചാരണങ്ങൾക്കെതിരെ 'പ്രമാണനിഷേധം മുജാഹിദ് പാരമ്പര്യമല്ല' എന്ന പ്രമേയത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ പരപ്പനങ്ങാടിയിൽ സംഘടിപ്പിച്ച രണ്ടാം ഖണ്ഡനം സത്യാന്വേഷികൾക്ക് വെളിച്ചം പകരുന്നവിധം ഉജ്ജ്വലമായി.

ഏതൊരു സാധാരണക്കാരനും വളരെ ലളിതമായി മനസ്സിലാക്കാവുന്ന വിധമായിരുന്നു പണ്ഡിതൻമാരുടെ വിഷയാവതരണം. ഇസ്‌ലാമിന്റെ ആരംഭദശയിൽ തന്നെയുള്ള വിമർശനങ്ങൾക്ക് പുതിയ മാനം നൽകി അവതരിപ്പിക്കുകയാണ് ആദർശ എതിരാളികൾ ചെയ്യാറുള്ളത്. അത് ഏറ്റുപിടിച്ചുകൊണ്ടാണ് മർക്കസുദ്ദഅ്‌വയുടെ പ്രഭാഷകരും എഴുത്തുകാരും മിക്ക വിഷയങ്ങളും കൈകാര്യം ചെയ്യാറുള്ളത് എന്ന് തെളിവുസഹിതം സമർഥിച്ചത് അവരുടെ ചിന്തിക്കുന്ന അണികൾക്ക് ബോധ്യമാകാതിരിക്കില്ല.

പൂർവകാലത്തെ ചില പണ്ഡിതൻമാരുടെ ഹദീസ് നിരൂപണങ്ങൾ ഉയർത്തിപ്പിടിച്ച് നിഷേധിക്കാൻ തെളിവ് പരതുന്നവരുടെ ആശയപാപ്പരത്തവും തുറന്ന് കാണിക്കപ്പെട്ടു. മൂവായിരത്തോളം ഹദീസുകൾ നിഷേധിച്ചുകൊണ്ടല്ലാതെ മർകസുദ്ദഅ്‌വ സംഘത്തിൽ ഇടം പിടിക്കാനാകില്ലെന്ന പരാമർശം തെളിയിക്കണമെന്ന് വൈകാരികമായി വെല്ലുവിളിച്ചവരെ നിശ്ശബ്ദരാക്കും വിധം മൂവായിരത്തിലേറെ ഹദീസുകൾ ചൂണ്ടിക്കാണിക്കപ്പെട്ടു. അതോടെ അവരുടെ ആദർശവ്യതിചലനത്തിന്റെ വ്യാപ്തി എത്രത്തോളമുണ്ടെന്ന് സത്യാന്വേഷികൾക്ക് ബോധ്യപ്പെടുകയായിരുന്നു.

അല്ലാഹുവിന് മാത്രമായുള്ള അഭൗതിക കഴിവ് മരിച്ചുപോയ മഹാൻമാർക്കും ജിന്നുകൾക്കും മലക്കു കൾക്കുമുണ്ടെന്ന് വാദിക്കുന്ന സമസ്തയോട് ആദർശപരമായി സമരസപ്പെടുന്നതിലേക്ക് മർകസുദ്ദഅ്‌വ നേതാക്കളുടെ വ്യതിയാന ചിന്തകൾ ചെന്നെത്തിയെന്ന അപകടകരമായ സാഹചര്യത്തെ അവരുടെ അണികൾക്ക് തിരിച്ചറിയാൻ കഴിയും വിധമാണ് വിഷയാവതരണങ്ങൾ നടന്നത്.

സംസ്കാരശൂന്യമായ വാക്കുകൾകൊണ്ട് വിസ്ഡം പണ്ഡിതരോട് അരിശം തീർക്കുന്ന മർകസുദ്ദഅ്‌വ പ്രഭാഷകരുടെ വിവേകശൂന്യമായ സമീപനം പ്രോഗ്രാമിൽ ചോദ്യം ചെയ്യപ്പെട്ടു. സംസം വെള്ളം, അജ്‌വ കാരക്ക, ഹജറുൽ അസ്‌വദ്, ക ബ്‌റിലെ ചോദ്യം, സ്വിറാത്ത് പാലം, മീസാൻ, തബർറുക് തുടങ്ങിയ അനേകം വിഷയങ്ങളെ നിരാകരിക്കുകയും നിഷേധിക്കുകയും ചെയ്യുന്ന ഇക്കൂട്ടരുടെ ആദർശ വ്യതിയാനത്തെ തുറന്നുകാണിച്ച ആദർശ സമ്മേളനം അത്തരം കാര്യങ്ങളിൽ സംശയമുള്ളവരുടെ സംശയങ്ങൾക്ക് അറുതിവരുത്താതിരിക്കില്ല-ഇൻ ശാ അല്ലാഹ്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് ഫൈസൽ മൗലവി പുതുപ്പറമ്പ്, സെക്രട്ടറി അബ്ദുൽ മാലിക് സലഫി, മുജീബ് ഒട്ടുമ്മൽ, നിഹാദ് എംസിസി, ഹാമിദ് എംസിസി പ്രസംഗിച്ചു.

# സൃഷ്ടികളോട് കരുണ കാണിക്കുന്നവനാണ് സത്യവിശ്വാസി

കരുണ കാണിക്കുക എന്നത് ഇസ്‌ലാമികമായ മര്യാദയാണ്. ദയ, അനുകമ്പ, കരുണ, സ്നേഹം... ഇതൊക്കെ മാനുഷികമായ ഗുണങ്ങളിൽ പെട്ടതാണ്. ഒരു മുസ്‌ലിമിൽ നിർബന്ധമായും ഈ ഗുണഗണങ്ങൾ ഉണ്ടായിരിക്കേണ്ടതുണ്ട്.

പലവിധത്തിലും കരുണ കാണിക്കുവാൻ നമുക്ക് കഴിയും. കടം കൊണ്ട് വലയുന്ന ഒരാളെ അതിൽ നിന്നു കരകയറാൻ സഹായിക്കൽ, കടംവാങ്ങിയവന് തിരിച്ചുനൽകാൻ അവധി നീട്ടിക്കൊടുക്കൽ, ചികിത്സക്ക് വഴിയില്ലാതെ ബുദ്ധിമുട്ടുന്ന രോഗിയെ സഹായിക്കൽ... ഇങ്ങനെ കരുണയുടെ ഒട്ടനേകം വഴികളുണ്ട്.

'ഭൂമിയിലുള്ളവരോട് നിങ്ങൾ കാരുണ്യം കാണിക്കുക' എന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. ഇത് പൊതുവായി പറഞ്ഞതിനാൽ ഇതിൽ എല്ലായിനം സൃഷ്ടികളും പെടും. നല്ലവരോടും അധർമകാരികളോടും കന്നുകാലികളോടും വന്യജീവികളോടും പക്ഷികളോടുമൊക്കെ കരുണകാണിക്കൽ ഇതിൽ പെടും എന്ന് പണ്ഡിതൻമാർ വിശദീകരിച്ചതായി കാണാം.

ജരീർ ഇബ്നു അബ്ദുല്ല(റ) നിവേദനം; നബി(സ) പറഞ്ഞു: "ജനങ്ങളോട് കരുണ കാണിക്കാത്തവനോട് അല്ലാഹു കരുണ കാണിക്കില്ല" (മുസ്‌ലിം).

'അർറഹ്മാൻ' (പരമകാരുണികൻ), 'അർറഹീം' (കരുണാനിധി) എന്നിങ്ങനെ അല്ലാഹു സ്വയം വിശേഷിപ്പിച്ചു എന്നതുതന്നെ അതിന്റെ മഹത്ത്വം വ്യക്തമാക്കുന്നു.

'അർറഹ്മാൻ' എന്നതിന്റെ വിവക്ഷ എല്ലാവർക്കും പൊതുവായി കാരുണ്യം ചെയ്യുന്നവർ എന്നാണ്. 'അർറഹീം' എന്നതിന്റെ വിവക്ഷയാകട്ടെ, പരലോകത്ത് വിശ്വാസികളോട് പ്രത്യേകമായി കാരുണ്യം കാണിക്കുന്നവൻ എന്നുമാണ്. അല്ലാഹു പറയുന്നു:

"...അവൻ സത്യവിശ്വാസികളോട് അത്യന്തം കരുണയുള്ളവനാകുന്നു" (ക്വുർആൻ 33:43).

"അതുകൊണ്ട് ആർ അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ മുറുകെപിടിക്കുകയും ചെയ്യുന്നുവോ, അവരെ തന്റെ കാരുണ്യത്തിലും അനുഗ്രഹത്തിലും അവൻ പ്രവേശിപ്പിക്കുന്നതാണ്. അവങ്കലേക്ക് അവരെ നേർവഴിയിലൂടെ അവൻ നയിക്കുന്നതുമാണ്" (ക്വുർആൻ 4:175).

പ്രായമായവരോടും ചെറിയവരോടുമെല്ലാം കാരുണ്യം കാണിക്കേണ്ടതുണ്ട്. കുഞ്ഞുങ്ങളോടുള്ള കാരുണ്യം അവരോട് അനുകമ്പ കാണിക്കലും ലോലമായ പെരുമാറ്റവുമാണ്. മുതിർന്നവരോടുള്ള കാരുണ്യം അവരോട് ആദരവ് കാണിക്കേണ്ട രൂപത്തിൽ കാണിക്കുക എന്നതാണ്.

നബി(സ) പറഞ്ഞു: "നമ്മിലെ ചെറിയവരോട് കാരുണ്യം കാണിക്കാത്തവനും വലിയവരോടുള്ള കടമ തിരിച്ചറിയാത്തവനും നമ്മിൽ പെട്ടവനല്ല" (മുസ്‌ലിം).

പ്രായമായ മാതാപിതാക്കളാണെങ്കിൽ ബാധ്യത ഒന്നുകൂടി വർധിക്കുന്നു. അവർക്കു കാരുണ്യം ലഭിക്കുവാൻ വേണ്ടി പ്രാർഥിക്കണമെന്ന് അല്ലാഹു പ്രത്യേകമായി ഉണർത്തിയതു കാണാം: "...എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീകരുണ കാണിക്കണമേ എന്ന് നീ പറയുകയും ചെയ്യുക" (ക്വുർആൻ 17:24).

മാതാപിതാക്കൾ മക്കളോടും തൊഴിലുടമ തൊഴിലാളികളോടും ഭരണാധികാരികൾ ഭരണീയരോടും എന്നിങ്ങനെ പദവിയിൽ മുകളിലുള്ളവർ താഴെയുള്ളവരോട് കരുണ കാണിക്കുമ്പോൾ അത് കുടുംബത്തിലും സമൂഹത്തിലും നാട്ടിലും വലിയ മാറ്റമുണ്ടാക്കും. ദുർബലർ, സ്ത്രീകൾ, വയോവൃദ്ധർ, അംഗപരിമിതർ, അനാഥർ, വിധവകൾ തുടങ്ങി എല്ലാവരോടും അവരുടെ പ്രയാസങ്ങളിൽ താങ്ങായി നിൽക്കൽ കരുണയാണ്. ■

കെ.മുസ്തഫ കമാൽ, മുന്നിയൂർ
: 7558034059



# സമസ്തയും മമ്പുറം തങ്ങളും

**1926** ജൂൺ 26നാണ് കോഴിക്കോട് ടൗൺഹാളിൽ വെച്ച് നടന്ന വിപുലമായ ഒരു കൺവെൻഷനിൽ സയ്യിദ് അബ്ദുറഹ്മാൻ മുല്ലക്കോയ തങ്ങൾ പ്രസിഡന്റും പാങ്ങിൽ അഹ്മദ് കുട്ടി മുസ്ല്യാർ, കെ മുഹമ്മദ്അബ്ദുൽബാരി മുസ്ല്യാർ, കെ.എം. അബ്ദുൽ ബാരി മുസ്ല്യാർ, കെ.പി. മീരാൻ മുസ്ല്യാർ എന്നിവർ വൈസ് പ്രസിഡന്റുമാരായും, പി.വി. മുഹമ്മദ് മുസ്ല്യാർ, പി.കെ മുഹമ്മദ് മുസ്ല്യാർ എന്നിവർ സെക്രട്ടറിമാരായും സമസ്ത കേരള ജംഇയ്യത്തുൽ ഉലമ (സമസ്ത) രൂപീകൃതമായത്.

ഇതിനു മുമ്പുതന്നെ (1922ൽ) കൊടുങ്ങല്ലൂർ കേന്ദ്രമായി 'നിഷ്പക്ഷ സംഘം' എന്ന പേരിലും ശേഷം സംസ്ഥാന വ്യാപകമായി 'ഐക്യസംഘം' എന്ന പേരിലും മുസ്‌ലിം പരിഷ്കരണ പ്രസ്ഥാനം ശൈഖ്ഹമദാനി, കെ.എം മൗലവി തുടങ്ങിയവരുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ചിരുന്നു. ഇവയുടെ പ്രവർത്തനം ശിർക്ക്-ബിദ്അത്തുകൾക്കെതിരാണെന്നു കണ്ടപ്പോഴാണ് സമസ്ത രുപീകൃതമാവുന്നത്. ഇരു സംഘടനകളുടെയും അന്നത്തെ സമ്മേളന പ്രമേയങ്ങൾ പരിശോധിച്ചാൽ ഇത് വ്യക്തമാവും.

അക്കാലഘട്ടത്തിലെ ഉലമാക്കൾക്കിടയിൽ മതപരമായ കാര്യങ്ങളിലെന്നപോലെ രാഷ്ട്രീയ നിലപാടു കളിലും അന്തരമുണ്ടായിരുന്നു. ബ്രിട്ടിഷ് വാഴ്ചയെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും അവരിൽ ഉണ്ടായിരുന്നു.

1921ൽ തമിഴ്നാട്ടിലെ ഈറോഡിൽ വെച്ച് നടന്ന ഇന്ത്യൻ മജ്‌ലിസ് ഉലമാ പ്രതിനിധി സമ്മേളനത്തിൽ കെ.എം മൗലവി അടക്കം ഏതാനും ഉലമാക്കൾ കേരളത്തിൽനിന്നും സംബന്ധിച്ചിരുന്നു. ഖിലാഫത്ത്-കോൺഗ്രസ്സ് പ്രവർത്തനങ്ങൾ മലബാറിൽ വ്യാപകമാക്കുന്നതിനെ സംബന്ധിച്ചു ചർച്ചകൾ നടന്നിരുന്നു. ഇതിന്റെ ഫലമായി അവർ തിരിച്ചുവന്നതിനു ശേഷം കേരള മജ്‌ലിസ് സ്ഥാപിതമായി. മലബാറിൽ ബ്രിട്ടിഷുകാർ താണ്ഡവമാടിയപ്പോൾ ഈ കൂട്ടായ്മ രംഗത്തിറങ്ങിയിരുന്നു.

1933 മാർച്ച് 5ന് ഫറോക്കിൽ ചേർന്ന സമസ്തയുടെ ആറാം വാർഷിക യോഗത്തിലെ ബ്രിട്ടിഷ് അനുകൂല പ്രമേയം ഏറെ ശ്രദ്ധേയമാണ്. സ്വാതന്ത്ര്യ സമരത്തിൽ നിന്നും ഖിലാഫത്ത് പ്രസ്ഥാനങ്ങളിൽ നിന്നും വിട്ടുനിൽക്കാൻ പ്രമേയം മുസ്‌ലിംകളോട് ആവശ്യപ്പെട്ടു,

12ാം പ്രമേയം ഇങ്ങനെ പറയുന്നു: “സാധുക്കളും നിരപരാധികളായ കേരള മുസ്‌ലിംകളെ കോൺ ഗ്രസ്സ്-ഖിലാഫത്ത് കമ്മറ്റി എന്ന പേരും പരസ്യം ചെയ്തു അവരുടെ മായാവലയത്തിൽ പെടുത്തുകയും അവിവേകികളും പാമരന്മാരുമായ മുസ്‌ലിമീങ്ങളെ മുമ്പിലേക്ക് തള്ളി കക്ഷിവഴക്കുകളും ബഹളവും ഉണ്ടാക്കി കേരളം മിക്കവാറും സ്ഥലങ്ങളിൽ വമ്പിച്ച ലഹള നടന്നതിന്റെ ഫലമായി എത്രയോ അനവധി മുസ്‌ലിംകൾ തോക്കിനിരയാവുകയും ജയിൽ ശിക്ഷക്ക് കാരണഭൂതരാവുകയും ചെയ്തുവല്ലൊ. ഭരണ കർത്താക്കളോട് എതിർക്കലും അവരുടെ കൽപന അനാദരവ് ചെയ്യലും മതവിരോധമായിട്ടുള്ള കാര്യമായിരിക്കെ കോൺഗ്രസ്സ് കക്ഷിക്കാരുമായി യോജിക്കലും അവരോട് സഹകരിക്കലും ഒരിക്കലും യഥാർത്ഥ മുസ്‌ലിംകൾക്ക് ചെയ്യുവാൻ പാടില്ലാത്തതും അകുന്നു.”

**ബ്രിട്ടീഷുകാർ നാടുകടത്തിയതിന്റെ കാരണങ്ങളിൽ ഒന്ന് അദ്ദേഹം ജുമുഅ ഖുത്വുബയിലും സർക്കാർ വിരുദ്ധ പ്രസംഗങ്ങൾ നടത്തിയിരുന്നു എന്നതാണ്. സമസ്തയുടെ ചരിത്രപരമായ നിലപാട് മമ്പുറം തങ്ങൾ ഉയർത്തിപ്പിടിച്ച നിലപാടുമായി വേർതിരിയുന്നതാണ് എന്നു വ്യക്തം.**

അതേ പ്രമേയത്തിലെ 15ാം ഖണ്ഡിക സമസ്തയുടെ രാഷ്ട്രീയ നയം വ്യക്തമാക്കുന്നു:

“സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ സംഘത്തിൽ അംഗങ്ങളായി ചേരുന്ന മുസ്ല്യാക്കന്മാർ എല്ലാവരും കോൺഗ്രസ്സുകാർ അല്ലാത്തവരും ഗവൺമെണ്ട് കക്ഷി ആയിരിക്കണമെന്നും അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ വിശ്വാസ നടപടികളേയും അതിനുള്ള ഉപകരണങ്ങളേയും പൊതുസമാധാനപാലന ത്തിന്റെയും പുനർജ്ജിവിപ്പിക്കൽ മേപ്പടി സംഘത്തിന്റെ മൂലസിദ്ധാന്തങ്ങളിൽ പെട്ടതാണെന്നുള്ള മുൻനിശ്ചയത്തെ ഈ യോഗം ശക്തിപ്പെടുത്തുന്നു.”

പോർച്ചുഗീസ്-ബ്രിട്ടിഷ് അധിനിവേശ കാലഘട്ടങ്ങളിലെ കേരള മുസ്‌ലിം ചരിത്രം സമരങ്ങളുടെയും ചെറുത്ത് നിൽപുകളുടെയും ചരിത്രമാണ്. ‘അധിനിവേശവിരുദ്ധ സമരസാഹിത്യ’മെന്ന ഒരു സവിശേഷ ശാഖതന്നെ സാഹിത്യരംഗത്തുണ്ട്.

ഇതിൽ പ്രധാനപ്പെട്ട ചില കൃതികൾ ഇവയാണ്:

1467ൽ കൊച്ചിയിൽ ജനിച്ച് പൊന്നാനിയിൽ അന്തരിച്ച സൈനുദ്ദിൻ മഖ്ദും ഒന്നാമന്റെ ‘തഹ്‌രീദു അഹ്‌ലിൽ ഈമാൻ അലാ ജിഹാദി അബദതിസ്സ്വുൽബാൻ.’

സൈനുദ്ദീൻ മഖ്ദും രണ്ടാമന്റെ കൃതിയായ ‘തുഹ്ഫത്തുൽ മുജാഹിദീൻ ഫീ ബഅ്ദി അഖ്ബാറിൽ ബുർത്തുഗാലിയ്യീൻ.’

ഖുത്വുബുസ്സമാൻ മമ്പുറം സയ്യിദലവി തങ്ങളുടെ ‘അസ്സൈഫുൽ ബത്താർ അലാ മൻ യുവാലിൽ കുഫ്ഫാർ.’

ബ്രിട്ടീഷ് മർദകവാഴ്ചയോട് നിസ്സഹകരിക്കാനും പോരാടാനും മുസ്‌ലിംകളെ ആഹ്വാനം ചെയ്തു കൊണ്ട് മമ്പുറം സയ്യിദ് അലവി തങ്ങൾ എഴുതിയതും മഹല്ലുകൾ തോറും വിതരം ചെയ്യപ്പെട്ടതുമായ കൃതിയാണിത്.

വൈദേശിക ഭീകരവാഴ്ചക്കെതിരെ എക്കാലത്തും കൈക്കൊള്ളേണ്ട നിലപാടിനെക്കുറിച്ചുള്ള വ്യക്ത മായ ഉൾക്കാഴ്ച പ്രദാനം ചെയ്യുന്ന ഒന്നാണ് ഈ കൃതി.

മലബാറിലെ ജന്മികൾ കുടിയാന്മാരോട് കാണിച്ചിരുന്ന ക്രൂരതക്കെതിരിൽ കുടിയാൻ പക്ഷത്തോട് അനുഭാവം പ്രകടിപ്പിക്കുന്നതോടൊപ്പം തന്നെ ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കുമിടയിൽ ഐക്യത്തിന്റെയും സൗഹാർദത്തിന്റെയും പ്രതീകമായി മമ്പുറം തങ്ങൾ നിലകൊണ്ടു.

ഹിന്ദുക്കളെയും മുസ്‌ലിംകളെയും തമ്മിലടിപ്പിക്കുന്ന ബ്രിട്ടീഷ് തന്ത്രം മനസ്സിലാക്കിയ തങ്ങൾ ഇരുകൂട്ടരുടെയും പൊതുശത്രു ബ്രിട്ടീഷുകാരാണെന്ന മനഃസ്ഥിതി വളർത്താനാണ് ശ്രമിച്ചത്.


ബ്രിട്ടീഷുകാർ ഹിന്ദുക്കളെയും മുസ്‌ലിംകളെയും തമ്മിൽ തെറ്റിക്കാൻവേണ്ടി ആസുത്രണം ചെയ്തുണ്ടാക്കിയ ഒരു സംഘട്ടനമായിന്നു തിരുരങ്ങാടിക്കടുത്ത മുട്ടിച്ചിറയിൽ നടന്നത്. ഇതിനെതിരെ രചിച്ച കൃതിയാണ് സൈഫുൽ ബത്താർ, ബ്രിട്ടിഷുകാരോട് സന്ധിയില്ലാസമരത്തിന് മുസ്‌ലിംകളെ ആഹ്വാനം ചെയ്യുന്ന ഈ കൃതി കണ്ടുകെട്ടാനും നശിപ്പിക്കാനും ബ്രിട്ടീഷ് സർക്കാർ പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിരുന്നു.

ബ്രിട്ടിഷുകാരാൽ നാടുകടത്തപ്പെട്ട മമ്പുറം തങ്ങളുടെ പുത്രൻ സയ്യിദ് ഫദൽ പൂക്കോയ തങ്ങൾ ഈ കൃതി ഇസ്തംബുളിൽനിന്ന് പുനഃപ്രസിദ്ധീകരിച്ചിരുന്നു. ബ്രിട്ടീഷുകാരുമായും അവരുടെ ഭരണനിയമങ്ങളുമായും ജനങ്ങളെ നിസ്സഹകരിപ്പിച്ചു നിർത്തുന്നതിനാണ് ഈ കൃതി ഊന്നൽ കൊടുത്തിരുന്നത്.

മമ്പുറം തങ്ങളുടെ മകനും ധിഷണാശാലിയുമായ സയ്യിദ് ഫദൽ പുക്കോയ തങ്ങളും പിതാവിന്റെ അതേ പാതയിൽ ബ്രിട്ടീഷ് വാഴ്ചക്കെതിരെ ഗ്രന്ഥങ്ങളും സമരങ്ങളും അതിശക്തമായ രീതിയിൽ തുടർ ന്നിരുന്നു,

ബ്രീട്ടീഷുകാർ നാടുകടത്തിയതിന്റെ കാരണങ്ങളിൽ ഒന്ന് അദ്ദേഹം ജുമുഅ ഖുത്വുബയിലും സർക്കാർ വിരുദ്ധ പ്രസംഗങ്ങൾ നടത്തിയിരുന്നു എന്നതാണ്. സമസ്തയുടെ ചരിത്രപരമായ നിലപാട് മമ്പുറം തങ്ങൾ ഉയർത്തിപ്പിടിച്ച നിലപാടുമായി വേർതിരിയുന്നതാണ് എന്നു വ്യക്തം. ■





ഇബ്നു അലി

# വൈകിയെത്തുന്ന ഭാഗ്യം

പെൻഷൻ പറ്റിയതിനു ശേഷമാണ് മാഷിനും ഭാര്യക്കും നറുക്കെടുപ്പിൽ ഹജ്ജിന് സെലക്ഷൻ കിട്ടിയത്. ആദ്യഗഡു സമയത്തിന് അടച്ച ശേഷം സംസ്ഥാന ഹജ്ജ് കമ്മിറ്റി നടത്തുന്ന സാങ്കേതിക ക്ലാസ്സിൽ പങ്കെടുത്തു. ബാക്കി തുക അടക്കാനും അടുത്ത ക്ലാസ്സിൽ പങ്കെടുക്കാനും കാത്തിരിക്കുന്നതിനിടയിലാണ് കോവിഡ് ഭീകരാവസ്ഥ സൃഷ്ടിച്ചത്. അക്കൊല്ലം ആർക്കും ഹജ്ജിന് പോകാനായില്ല. സാരമില്ല, അടുത്ത തവണയാകട്ടെയെന്ന് സമാധാനിച്ചു.

എന്നാൽ ആ കൊല്ലവും ആർക്കും അവസരം കിട്ടിയില്ല. തൊട്ടടുത്ത വർഷം ഇന്ത്യയിൽ 7000 പേർക്ക് മാത്രമാണ് അനുമതി കിട്ടിയത്. തൊട്ടടുത്ത കൊല്ലം അപേക്ഷിച്ചിരുന്നുവെങ്കിലും അവസരം കിട്ടിയില്ല. ക്ഷമയോടെ, പ്രാർഥനയോടെ കാത്തിരുന്നു. അടുത്ത കൊല്ലം നറുക്കെടുപ്പിൽ കാത്തിരിപ്പു പട്ടികയിലാണ് പെട്ടത്. സാധ്യത വിദൂരമായിരുന്നു.

സംസ്ഥാന ഹജ്ജ് കമ്മിറ്റി പരിശീലകൻ എന്ന നിലയിൽ മുമ്പേ ഞാനുമായി ബന്ധമുണ്ട്. ഇടയ്ക്ക് വിളിക്കാറുമുണ്ട്. അവസരം വരും ക്ഷമിക്കൂ, പ്രാർഥിക്കൂ എന്ന് ഞാനും സമാധാനിപ്പിക്കും.

ജീവിതലക്ഷ്യമായ സ്വർഗപ്രവേശം നേടാനായി സംശുദ്ധമായ മനസ്സുമായി സ്രഷ്ടാവിന്റെ അടുക്കൽ എത്തിച്ചേരാൻ ഹജ്ജിലൂടെ വിശ്വാസികൾക്ക് സാധ്യമാവുകയാണ്. മനസ്സും ശരീരവും ഒരേപോലെ അല്ലാഹുവിന്റെ കൽപന സ്വീകരിക്കാൻ തയ്യാറാവുന്ന പവിത്രമായ അവസരമാണ് ഹജ്ജിലൂടെ സംജാതമാവുന്നത്.

ഇപ്പോളിതാ 2025 വർഷത്തേക്കുള്ള ഹജ്ജിന് നറുക്കെടുപ്പിൽ അവസരം ലഭിച്ചിരിക്കുന്നു; സ്രഷ്ടാവിന് സ്തുതി.

വീട്ടിലെ ചുറ്റുപാടുകൾ അപ്പോഴേക്കും മാറിയിരുന്നു. വീടിന്റെ പുതുക്കിപ്പണി തുടങ്ങിയത് പൂർത്തിയാക്കാൻ ബാക്കിയുണ്ട്. മോളുടെ വിവാഹം ഉറപ്പിച്ചിരിക്കുന്നു. മൂന്നാലു മാസം കഴിഞ്ഞാൽ കല്യാണമായി. ഹജ്ജിന് അടക്കാനുള്ള കാശിന് പുറമെ വീടുപണിക്കും കല്യാണത്തിനും കൂടി കാശ് കണ്ടെത്തണം. അല്ലറ ചില്ലറ ബാധ്യതകൾ വേറെയും തീർക്കാനുണ്ട്. അതിനുള്ള വഴി കുറച്ച് കൃഷിസ്ഥലം വിൽക്കുക എന്നതായിരുന്നു.

മുമ്പ് ആവശ്യക്കാർ വന്നിരുന്നെങ്കിലും, അത്യാവശ്യം നല്ല വില പറഞ്ഞിരുന്നെങ്കിലും അത്യാവശ്യത്തിന് വിൽക്കാൻ ഒരുങ്ങിയപ്പോൾ കച്ചവടക്കാരും ബ്രോക്കർമാരും ഉത്സാഹം കാണിക്കുന്നില്ല. മുമ്പ് ചോദിച്ച വിലപോലും കിട്ടില്ല എന്ന അവസ്ഥ.

പണമടവിനും മെഡിക്കൽ സർട്ടിഫിക്കറ്റ് തയ്യാറാക്കാനും ഇതര രേഖകൾ തയ്യാറാക്കി ഹജ്ജ് ഓഫീസിൽ സമർപ്പിക്കുന്നതിന്റെ പുരോഗതി അറിയാനും മറ്റു ഹാജിമാരെ ബന്ധപ്പെടുന്ന കൂട്ടത്തിൽ മാഷെയും വിളിച്ചു.

സ്ഥലത്തിന് ആവശ്യക്കാരും വിലയും കുറവാണെന്നും അതിനാൽ ഹജ്ജിന് ഇത്തവണ പോകാൻ സാധ്യത കാണുന്നില്ലെന്നും മാഷ് സങ്കടം പങ്കുവെച്ചു. ശ്രമം തുടരുന്നുണ്ടെന്നും പ്രാർഥിക്കണമെന്നും ഓർമിപ്പിച്ചു. വൈകിയാണ് വിൽപന നടക്കുന്നതെങ്കിൽ രണ്ടു പേർക്കും ഹജ്ജിനുള്ള കാശ് മാറ്റിവെച്ച് ബാക്കി തുക മാത്രമെ ചെലവഴിക്കൂ എന്നും പറഞ്ഞു. അടുത്ത അവസരത്തിലാണ് പടച്ചവൻ കണക്കാക്കുന്നതെങ്കിൽ അങ്ങനെ നടക്കട്ടെ എന്നും സ്വയം ആശ്വസിച്ചു. സഹ ഹജ്ജ് പരിശീലക സുഹൃത്തിനോട് ഇക്കാര്യം പങ്കുവെച്ചപ്പോൾ അദ്ദേഹം, തൽക്കാലം ആദ്യഘട്ട തുക അടക്കാനുള്ള പണം നൽകാമെന്ന് അറിയിച്ചു.

എന്നാൽ, പടച്ചവന്റെ തീരുമാനമുണ്ടെങ്കിൽ ഇത്തവണ നടക്കുമെന്നും അല്ലെങ്കിൽ വിധിച്ചിട്ടില്ല എന്ന് കരുതി സമാധാനിക്കാം എന്നും മറ്റുമായിരുന്നു മാഷിന്റെ മറുപടി.

വാട്സാപ്പിൽ ഇടയ്ക്ക് ബന്ധപ്പെട്ടുകൊണ്ടിരുന്നു. പുരോഗതി അന്വേഷിച്ചുകൊണ്ടിരുന്നു. പ്രതീക്ഷ കൈവിട്ടിട്ടില്ല എന്ന് മനസ്സിലായി. പക്ഷേ, പണമടക്കാനുള്ള അവസാന തീയതി അടുക്കുംതോറും പ്രതീക്ഷ കുറഞ്ഞുവന്നു. അടക്കാനുള്ള തീയതി ഒരാഴ്ച നീട്ടിയത്തോടെ വീണ്ടും പ്രതീക്ഷ കുരുത്തു തുടങ്ങി. തൽക്കാലം കുടുംബക്കാരിൽനിന്ന് ആദ്യഗഡു അടക്കാനുള്ള തുക വാങ്ങാം.

എന്നും രണ്ടാം ഗഡു അടക്കാനാകുമ്പോഴേക്കും കച്ചവടം നടക്കും എന്ന കണക്ക് കൂട്ടലിലാണെന്നും അറിവായി. അങ്ങനെ അവസാനം അതും അടച്ചു. സ്രഷ്ടാവിന് സ്തുതി. കാശ് അടച്ചിട്ടു പോലും അവസരം നഷ്ടപ്പെട്ട് കൊല്ലങ്ങൾ കാത്തിരുന്ന ശേഷം ഇതാ അവസരം കൈവരുന്നു. ഇനിയും ചില ഘട്ടങ്ങൾ കൂടി കടന്നുപോകാനുണ്ട്. റബ്ബ് അനുഗ്രഹിച്ചാൽ പ്രതീക്ഷ പൂവണിയും.

സമ്പത്തും ആരോഗ്യവും മറ്റു സൗകര്യങ്ങളുമെല്ലാം ഉണ്ടായിട്ടും മാനസികമായി ഹജ്ജിന് പോകാൻ തയ്യാറാകാത്തവർക്ക് മാഷ് പ്രചോദനമാകട്ടെ. ഇസ്‌ലാം കാര്യങ്ങളിൽ അഞ്ചാമത്തേതായ ഹജ്ജ് ചെയ്യാൻ എല്ലാ സൗകര്യങ്ങളും ഒത്തുകിട്ടിയിട്ടും തയ്യാറാകുന്നില്ലെങ്കിൽ എങ്ങനെ യഥാർഥ മുസ്‌ലിമെന്നു പറയാനാകും?

ഈ ഭൂമിയിലേക്ക് പിറന്നുവീണ നിഷ്കളങ്കനായ ഒരു കുഞ്ഞിന്റെ മനസ്സുമായി തിരിച്ചുവരാൻ കാരണ മാകുന്ന ശ്രേഷ്ഠമായ കർമമാണ് ഹജ്ജ്. വിശ്വാസികൾ ഹജ്ജിനായി കൊതിക്കുന്നത് ഈ സൗഭാഗ്യം നേടാൻവേണ്ടി തന്നെയാണ്. ജീവിതലക്ഷ്യമായ സ്വർഗപ്രവേശം നേടാനായി സംശുദ്ധമായ മനസ്സുമായി സ്രഷ്ടാവിന്റെ അടുക്കൽ എത്തിച്ചേരാൻ ഹജ്ജിലൂടെ വിശ്വാസികൾക്ക് സാധ്യമാവുകയാണ്. മനസ്സും ശരീരവും ഒരേപോലെ അല്ലാഹുവിന്റെ കൽപന സ്വീകരിക്കാൻ തയ്യാറാവുന്ന പവിത്രമായ അവസരമാണ് ഹജ്ജിലൂടെ സംജാതമാവുന്നത്. ■

സലീം പടല



മോട്ടിവേഷൻ ഉപകാരപ്രദമായ ഒരു പ്രക്രിയയാണ്. എന്നാൽ മിക്ക മോട്ടിവേറ്റർമാരും പറഞ്ഞു പഠിപ്പിക്കുന്ന കാര്യങ്ങളിൽ ഒരു മുസ് ലിമിന്റെ വിശ്വാസത്തെ പ്രതികൂലമായി ബാധിക്കുന്നവ കടന്നു വരാറുണ്ട്. "മറ്റുള്ളവർ എന്തു പറഞ്ഞാലും എന്തു വിചാരിച്ചാലും ശരി, എന്റെ കാര്യം ഞാൻ തന്നെ തീരുമാനിക്കും' എന്ന് പ്രതിജ്ഞ ചെയ്യിക്കുമ്പോൾ മാതാപിതാക്കളെ ധിക്കരിച്ച് മുന്നേറാനുള്ള പ്രേരണയാണത് നൽകുന്നത്. പരലോക വിജയം ലക്ഷ്യമാക്കി ജീവിക്കുന്ന വിശ്വാസികൾ ഒരു ഘട്ടത്തിലും മതത്തിന്റെ ചട്ടക്കൂടുകൾ ലംഘിച്ചുകൂടാ.

# മോട്ടിവേഷൻ മന്ത്രങ്ങളിലെ വിശ്വാസ വിരുദ്ധതകൾ

പ്രചോദനവും പ്രേരണയും നൽകൽ, ആത്മവിശ്വാസം വളർത്തൽ, വ്യക്തിത്വവികസനം എന്നിവയൊക്കെയാണ് മോട്ടിവേഷൻകൊണ്ട് ലക്ഷ്യമാക്കുന്നത്. ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ ചെറുതും വലുതുമായ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ പ്രയത്നിക്കുന്നവരാണ് മനുഷ്യർ. അവരിൽ പ്രവർത്തനക്ഷമതയുടെ കുറവും ലക്ഷ്യങ്ങൾ നേടുന്നതിൽ ഇടർച്ചയും ഉണ്ടാകുമ്പോൾ അനുഭവ വിവരണങ്ങളിലൂടെ, ഉപദേശങ്ങളിലൂടെ, കൗൺസലിങ്ങിലൂടെ ഊർജം പകരാനും ആത്മവിശ്വാസമുണ്ടാക്കാനും മോട്ടിവേഷറ്റർമാരുടെ ഇടപെടലുകൾ ഉപകാരപ്പെടും.

പഠനരംഗത്തും കരിയർ മേഖലയിലും പ്രചോദിപ്പിക്കാനും ഉത്സാഹമുണ്ടാക്കാനും മോട്ടിവേഷൻ ക്ലാസ്സുകൾ ചിലപ്പോഴൊക്കെ ആവശ്യംതന്നെയെങ്കിലും അതിന്റെ മറവിൽ പതിയിരിക്കു



ന്ന ചില അപകടങ്ങളെയും അത് മുസ്‌ലിംകളിൽ എങ്ങനെ സ്വാധീനം ചെലുത്തുന്നു എന്നതിനെക്കുറിച്ചും ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ ചെറിയ ഒരു വിശകലനം നടത്തുകയാണിവിടെ.

I can (എനിക്ക് കഴിയും), I can do (ഞാൻ ചെയ്യും); മോട്ടിവേഷൻ ക്ലാസ്സുകളിൽ കേട്ടുകൊണ്ടിരിക്കുന്നതും ട്രെയിനർമാർ മുന്നിലിരിക്കുന്നവരെക്കൊണ്ട് നിരന്തരം ചൊല്ലിക്കുന്നതുമായ മന്ത്രങ്ങളിൽ പ്രധാനപ്പെട്ടതാണ് ഈ വാചകങ്ങൾ. നാളെയെക്കുറിച്ചുള്ള യാതൊരറിവും സൃഷ്ടികളായ മനുഷ്യർക്കില്ലെന്നും നാളെ എന്തൊക്കെ നടക്കണം/വേണ്ട എന്ന് തീരുമാനിക്കുന്നത് സ്രഷ്ടാവായ അല്ലാഹുവാണെന്നും നമുക്കറിയാം.

'ഇൻശാ അല്ലാഹ്' (അല്ലാഹു ഉദ്ദേശിച്ചാൽ) എന്നു ചേർത്തുപറഞ്ഞുകൊണ്ടല്ലാതെ ഞാൻ നാളെ/ഭാവിയിൽ എന്തെങ്കിലും ചെയ്യും/നടക്കും/ഉണ്ടാകും എന്ന് ഉറപ്പിച്ചു പറഞ്ഞുകൂടെന്ന് വിശുദ്ധ ഖുർആൻ (18:23, 24) പറയുന്നുണ്ട്.

വിശ്വാസികൾ ധാരാളമായി ഉരുവിടുന്ന ദിക്റാണ് 'ലാ ഹൗല വലാ കുവ്വത്ത ഇല്ലാബില്ലാഹ്' (അല്ലാഹുവിനെക്കൊണ്ടല്ലാതെ യാതൊരു കഴിവും ശക്തിയുമില്ല) എന്നത്. ഇത് സൃഷ്ടികളുടെ ദുർബലതയും നിസ്സാരതയും വ്യക്തമായി ബോധ്യപ്പെടുത്തുന്നതാണ്. ആഗ്രഹിക്കുന്ന കാര്യം നേടാനായി ശ്രമിക്കുന്നതോടൊപ്പം അത് സാധിപ്പിച്ച് തരാനുള്ള പ്രാർഥനയും ആവശ്യമാണെന്നുതന്നെയാണ് ഇതിൽനിന്നൊക്കെ വ്യക്തമാവുന്നത്.

'എന്റെ രക്ഷിതാവായ അല്ലാഹുവേ, ഇക്കാര്യം നടക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. പക്ഷേ, എനിക്കതിന് കഴിവില്ല. നീ കനിഞ്ഞാലല്ലാതെ അത് നടക്കുകയുമില്ല. അതിനാൽ നീ സഹായിക്കേണമേ' എന്ന നിസ്സഹായതയിൽനിന്നുള്ള മനസ്സിന്റെ തേട്ടമാണ് ഇതിലുള്ളത്.

## 'ലോ ഓഫ് അട്രാക്ഷൻ' എന്ന കാൽപനിക തത്ത്വം

നിഷിദ്ധം കൂടിക്കലരാത്തിടത്തോളം എത്ര ഉന്നതമായ ജോലി ചെയ്യുന്നതിനും പണം സമ്പാദിക്കുന്നതിനും പദവി വഹിക്കുന്നതിനും ഇസ്‌ലാമിൽ വിലക്കില്ല. അതുപോലെ അനുവദനീയമായ വലിയ നേട്ടം ആഗ്രഹിക്കുന്നതിനോ വലിയ ലക്ഷ്യം വച്ചുപുലർത്തുന്നതിനോ അതിന്റെ സാക്ഷാത്കാരത്തിന്നായി പ്രാർഥിക്കുന്നതിനോ ഇസ്‌ലാം ഒരിക്കലും എതിരല്ല. ഇങ്ങനെ ചെയ്തിട്ടും പരിശ്രമിച്ചിട്ടും പ്രാർഥിച്ചിട്ടും ഉദ്ദേശിച്ച ഫലം കണ്ടില്ലെങ്കിൽ അതിൽ നിരാശരാവുകയോ അസ്വസ്ഥരാവുകയോ ദുഃഖിക്കുകയോ ചെയ്യരുതെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

അത്തരം സന്ദർഭത്തിൽ 'അങ്ങനെ ചെയ്തിരുന്നെങ്കിൽ ഇങ്ങനെയാകുമായിരുന്നു' എന്നൊന്നും പറ

യാതെ, 'ഖദ്ദറല്ലാഹു വമാ ശാഅ ഫഅല' (അല്ലാഹു തീരുമാനിച്ചു; അവൻ ഉദ്ദേശിച്ചത് അവൻ പ്രവർത്തിച്ചു) എന്ന് മനസ്സറിഞ്ഞ് സംതൃപ്തിയോടെ പ്രഖ്യാപിക്കുകയാണ് മുസ്‌ലിം ചെയ്യേണ്ടത്. കാരണം നമ്മുടെ ഇഷ്ടങ്ങളല്ല; അല്ലാഹുവിന്റെ ഇച്ഛകളും തീരുമാനങ്ങളുമാണല്ലോ നടപ്പിൽ വരുന്നത്. നമ്മുടെത് പ്രവർത്തനങ്ങളും പ്രാർഥനകളും പ്രതീക്ഷകളുമാണ്. നടത്തിത്തരേണ്ടത് അല്ലാഹുവാണ്. അവനാണ് സർവജ്ഞനും സർവശക്തനും!

നബി(സ്വ) പറഞ്ഞു: "സത്യവിശ്വാസിയുടെ കാര്യം അത്ഭുതകരം തന്നെ! അവന്റെ മുഴുവൻ കാര്യങ്ങളും അവന് നന്മയാണ്. ഇത് സത്യവിശ്വാസിക്കല്ലാതെ മറ്റാർക്കുമുണ്ടാവില്ല. അവന് സന്തോഷകരമായത് സംഭവിച്ചാൽ നന്ദി കാണിക്കും; അത് അവന് നന്മയായി ഭവിക്കും. ഇനി ഉപദ്രവകരമായത് ബാധിച്ചാലോ, അവനതിൽ ക്ഷമിക്കും. അപ്പോൾ അതും അവന് നന്മയായിത്തീരും" (സ്വഹീഹു മുസ്‌ലിം).

ഒരാൾ ആത്മാർഥമായി വിചാരിക്കുന്നതും ആഗ്രഹിക്കുന്നതുമൊക്കെയും തീർച്ചയായും അവരുടെ കൈകളിലെത്തിച്ചേരുക തന്നെ ചെയ്യുമെന്നും അയാൾ ചിന്തിക്കുന്നതോടുകൂടി അക്കാര്യം 'പ്രകൃതിയുടെ' സഹായത്തോടെ അയാളിലേക്ക് ആകർഷിക്കപ്പെടുമെന്നും പറയപ്പെടുന്ന 'ലോ ഓഫ് അട്രാക്ഷൻ' എന്ന 'ആകർഷണ നിയമം' ഇസ്‌ലാമിന്റെ വിശ്വാസ കാര്യങ്ങളുമായി പൊരുത്തപ്പെടുന്നതല്ല.

**അവരെന്തു കരുതും?**


'മറ്റുള്ളവർ എന്തും പറഞ്ഞോട്ടെ, എന്തും വിചാരിച്ചോട്ടെ, എന്റെ കാര്യം ഞാൻ തീരുമാനിക്കും' മോട്ടിവേഷൻ വിദഗ്ധർ തങ്ങളുടെ മുന്നിലിരിക്കുന്നവരെക്കൊണ്ട് ആവർത്തിച്ച് പറയിക്കുന്ന കാര്യങ്ങളിലൊന്നാണ് ഇത്. പറയുന്നതിൽ പ്രത്യക്ഷത്തിൽ കാര്യമുണ്ടെന്ന് തോന്നാമെങ്കിലും വലിയ അപകടം അതിനുള്ളിൽ പതിയിരിക്കുന്നുണ്ട്.

വിശ്വാസികളെ സംബന്ധിച്ചിടത്തോളം അല്ലാഹുവും റസൂലും പറഞ്ഞു, പഠിപ്പിച്ചു എന്ന ഉറപ്പുള്ള കാര്യങ്ങൾ നടപ്പിലാക്കാനോ ജീവിതത്തിൽ കൊണ്ടുനടക്കാനോ ഒരു സൃഷ്ടിയെയും ഭയക്കേണ്ടതില്ലെന്നത് തീർച്ചയാണ്. ആരെന്ത് പറഞ്ഞാലും എതിർത്താലും പരിഹസിച്ചാലും ആദർശത്തിൽനിന്ന് പിന്നോട്ട് പോകേണ്ടവരുമല്ല സത്യവിശ്വാസികൾ. സത്യവിശ്വാസികളുടെ സ്വഭാവസവിശേഷതകളിലൊന്നാണത്. അല്ലാഹുവിനെ ഇഷ്ടപ്പെടുന്ന, അല്ലാഹു ഇഷ്ടപ്പെടുന്ന, അല്ലാഹുവിന്റെ അനുഗ്രഹം ലഭിച്ച ഇഷ്ടദാസന്മാരുടെ ഉത്തമ ഗുണമായിട്ടാണ് വിശുദ്ധ ക്വുർആൻ അതിനെ പരിചയപ്പെടുത്തുന്നത്:

"സത്യവിശ്വാസികളേ, നിങ്ങളിൽ ആരെങ്കിലും തന്റെ മതത്തിൽനിന്ന് പിന്തിരിഞ്ഞുകളയുന്നപക്ഷം അല്ലാഹു ഇഷ്ടപ്പെടുന്നവരും അല്ലാഹുവെ ഇഷ്ടപ്പെടുന്നവരുമായ മറ്റൊരു ജനവിഭാഗത്തെ അല്ലാഹു പകരം കൊണ്ടുവരുന്നതാണ്. അവർ വിശ്വാസികളോട് വിനയം കാണിക്കുന്നവരും സത്യനിഷേധികളോട് പ്രതാപം പ്രകടിപ്പിക്കുന്നവരുമായിരിക്കും. അവർ അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിൽ ഏർപ്പെടും. ഒരു ആക്ഷേപകന്റെ ആക്ഷേപവും അവർ ഭയപ്പെടുകയില്ല. അത് അല്ലാഹുവിന്റെ അനുഗ്രഹമത്രെ. അവൻ ഉദ്ദേശിക്കുന്നവർക്ക് അത് നൽകുന്നു. അല്ലാഹു വിപുലമായ കഴിവുള്ളവനും സർവജ്ഞനുമത്രെ" (5:54).

മതം കണിശമായി വിലക്കിയതും മതത്തിന്റെ

'മറ്റുള്ളവർ എന്തും പറഞ്ഞോട്ടെ, എന്തും വിചാരിച്ചോട്ടെ, എന്റെ കാര്യം ഞാൻ തീരുമാനിക്കും' മോട്ടിവേഷൻ വിദഗ്ധർ തങ്ങളുടെ മുന്നിലിരിക്കുന്നവരെക്കൊണ്ട് ആവർത്തിച്ച് പറയിക്കുന്ന കാര്യങ്ങളിലൊന്നാണ് ഇത്. പറയുന്നതിൽ പ്രത്യക്ഷത്തിൽ കാര്യമുണ്ടെന്ന് തോന്നാമെങ്കിലും വലിയ അപകടം അതിനുള്ളിൽ പതിയിരിക്കുന്നുണ്ട്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം അല്ലാഹുവും റസൂലും പറഞ്ഞു, പഠിപ്പിച്ചു എന്ന ഉറപ്പുള്ള കാര്യങ്ങൾ നടപ്പിലാക്കാനോ ജീവിതത്തിൽ കൊണ്ടുനടക്കാനോ ഒരു സൃഷ്ടിയെയും ഭയക്കേണ്ടതില്ലെന്നത് തീർച്ചയാണ്. ആരെന്ത് പറഞ്ഞാലും എതിർത്താലും പരിഹസിച്ചാലും ആദർശത്തിൽനിന്ന് പിന്നോട്ട് പോകേണ്ടവരുമല്ല സത്യവിശ്വാസികൾ. സത്യവിശ്വാസികളുടെ സ്വഭാവസവിശേഷതകളിലൊന്നാണത്.





വൃത്തത്തിൽ നിന്നുതന്നെ പുറത്തു പോകാൻ സാധ്യതയുള്ളതുമായ കാര്യങ്ങൾ, മതവിലക്കുകൾ ലംഘിച്ചുകൊണ്ടും മാതാപിതാക്കളെ ധിക്കരിച്ചുകൊണ്ടും, ധാർഷ്ട്യത്തോടെ ചെയ്യാനാണ് പല മോട്ടിവേറ്റർമാരും ഓതിക്കൊടുക്കുന്നത്. ആരെതിർത്താലും എന്റെ ലൈഫ്, എന്റെ കരിയർ, എന്റെ പാഷൻ, എന്റെ ഡ്രീം, എന്റെ പാർട്ട്ണർ... ഒക്കെ ഞാൻ തീരുമാനിക്കുമെന്ന് പറഞ്ഞ് മുന്നോട്ട് പോകാനാണ് അവർ പുതുതലമുറയെ പ്രചോദിപ്പിക്കുന്നത്.

എന്നാൽ ഒരു സത്യവിശ്വാസി ഒന്നാമതായി അനുസരിക്കുന്നത് സ്രഷ്ടാവായ അല്ലാഹുവിന്റെ കൽപനയെയാണെന്നതിനാൽ തന്റെ ദേഹേച്ഛകൾ, തന്റെ കരിയർ സ്വപ്നങ്ങൾ, തന്റെ ഉപജീവനമാർഗം, കലാകായിക വാസനകൾ... ഇങ്ങനെ താനിഷ്ടപ്പെടുന്ന എന്താണെങ്കിലും സ്രഷ്ടാവിന്റെ കൽപനകൾക്ക് വിരുദ്ധമാകുന്നുവെങ്കിൽ, നിഷിദ്ധങ്ങൾ കലരുകയും പരലോകജീവിതവിജയത്തിന് തടസ്സമാവുകയും ചെയ്യുന്നുവെങ്കിൽ അതിൽനിന്ന് നിർബന്ധപൂർവം വിട്ടുനിൽക്കുക തന്നെ ചെയ്യേണ്ടതുണ്ട്. അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ചും ശിക്ഷയെ ഭയന്നും അത്തരം കാര്യങ്ങളിൽനിന്ന് മാറിനിൽക്കുന്നുവെങ്കിൽ അല്ലാഹുവിന്റെ സഹായം ലഭിക്കുമെന്നാണ് ഇസ്‌ലാമിക പ്രമാണങ്ങൾ മനസ്സിലാക്കിത്തരുന്നത്.

മാതാപിതാക്കളെ നന്മയിൽ അനുസരിക്കണമെന്നത് ഇസ്‌ലാമിലെ പരമപ്രധാനമായ കൽപനകളിലൊന്നായതിനാലും മാതാപിതാക്കളെ ധിക്കരിക്കൽ ഇഹലോകവും പരലോകവും നഷ്ടപ്പെടുത്തുന്ന ദുരന്തമാണെന്നതിനാലും ഇക്കാര്യം മക്കൾ വളരെ ഗൗരവപൂർവം കാണേണ്ടതുണ്ട്.

## ഇസ്‌ലാമിലെ പരിധികൾ

ആരെതിർത്താലും എന്റെ പാഷൻ, എന്റെ സ്വപ്നം, എന്റെ കരിയർ... എന്നു പറഞ്ഞ് മുന്നോട്ട് പോകണം, നിയന്ത്രിക്കാനോ അതിർവരമ്പുകൾ നിശ്ചയിക്കാനോ ആരെയും സമ്മതിക്കരുത്, അതിന് തടസ്സം നിൽക്കുന്നത് ബന്ധുക്കളാണെങ്കിൽ അവരോട് പോയി പണിനോക്കാൻ പറയണം, മതമാണെങ്കിൽ ആ മതത്തിന്റെ വേലിക്കെട്ട് തകർത്തെറിയണം... മോട്ടിവേഷൻ ക്ലാസ്സുകളിൽനിന്നു സ്ഥിരമായി കേൾക്കാറുള്ള വാക്കുകളാണിത്.

ദൈവിക മതമായതിനാൽ ഇസ്‌ലാമിൽ പരിധികളുണ്ട്, വിധികളും വിലക്കുകളുണ്ട്. എല്ലാ കാര്യങ്ങളിലും അതിരുകളും വേലിക്കെട്ടുകളുമുണ്ട്. സർവലോകരക്ഷിതാവായ അല്ലാഹു നിശ്ചയിച്ച അതിർവരമ്പുകളാണവ. കലകൾക്കും ആസ്വാദനങ്ങൾക്കും വിനോദങ്ങൾക്കും ഇസ്‌ലാമിൽ വ്യക്തമായ നിയന്ത്രണങ്ങളുണ്ട്. ഭക്ഷണം കഴിക്കുന്ന കാര്യത്തിൽ പോലും ഇസ്‌ലാമിൽ നിയന്ത്രണങ്ങളുണ്ട്. എന്തൊക്കെ തിന്നാനും കുടിക്കാനും പാടില്ല എന്ന കൽപനയുണ്ട്. ഹലാലായതും ഹലാലായ സമ്പാദ്യംകൊണ്ടു വാങ്ങിയതു മായിരിക്കണം. നല്ലതുമായിരിക്കണം. ധൂർത്തോ ദുർവ്യയമോ അമിത ഭോജനമോ പാടില്ല. സദ്യകളിൽ പാവങ്ങൾ ക്ഷണിക്കപ്പെടാതെ പോകരുത്.

അയൽവാസി പട്ടിണി കിടക്കുന്നുണ്ടെങ്കിൽ ഭക്ഷണം കൊടുക്കണം. ഇഷ്ടപ്പെട്ടില്ലെങ്കിലും ഭക്ഷണ

ത്തെ കുറ്റം പറയരുത്. തിന്നലും കുടിക്കലുമൊക്കെ വലതുകൈ കൊണ്ടായിരിക്കണം...അങ്ങനെ പോകുന്നു ഭക്ഷണ രംഗത്തുള്ള ഇസ്‌ലാമിന്റെ അതിർവരമ്പുകളും മര്യാദകളും.

ഇന്ന് പണിയൊന്നുമില്ലെന്ന് പറഞ്ഞ് ഒരു വിശ്വാസിക്ക് പകലന്തിയോളം മൂടിപ്പുതച്ച് ഉറങ്ങാൻ പാടില്ല. എത്ര വൈകിയുറങ്ങിയാലും സ്വുബ്ഹി നമസ്‌കാരത്തിനായി എഴുന്നേൽക്കണം. ഉച്ചക്കും വൈകുന്നേരവും സന്ധ്യാസമയത്തും രാത്രിയിലും നമസ്‌കാരമുണ്ട്. മതിമറന്നുകൊണ്ടും മതം മറന്നുകൊണ്ടുമുള്ള ഒന്നും വിശ്വാസിയുടെ ജീവിതത്തിലില്ല. ഇസ്‌ലാമിലെ ആഘോഷമായ പെരുന്നാൾ പോലും അത്യാഹ്ലാദങ്ങളില്ലാത്തതും ആരാധനാനിഷ്ഠവുമാണ്. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ശാരീരിക ബന്ധത്തിന്റെ കാര്യത്തിൽ പോലും വ്യക്തമായ നിർദേശങ്ങളുണ്ട്. ഇതൊന്നും മനുഷ്യനിർമിതങ്ങളല്ല; സർവലോകരക്ഷിതാവിന്റെ നിയമങ്ങളാണ്.

**ബോൾഡാണ്, സ്മാർട്ടാണ്**

തോന്നിയപോലെ വസ്ത്രം ധരിക്കുകയും അന്യരായ ആണും പെണ്ണും ഒന്നിച്ച് ആടുകയും പാടുകയും ചെയ്യലും സോഷ്യൽ മീഡിയകളിൽ ലൈക്കും ഷെയറും കിട്ടാൻ എന്ത് വഷളത്തവും കാട്ടലുമായി ഓവർ സ്മാർട്ട്നസ്സ് കാട്ടുന്നത് ആണായാലും പെണ്ണായാലും ഇസ്‌ലാം പഠിപ്പിച്ച ഹയാഇന്റെ (ലജ്ജ) നേർവിപരീതമാണ്. നല്ലത് പറയാനും ചോദിച്ചറിയാനും നന്മ പ്രവർത്തിക്കാനും നന്മയിൽ മത്സരിക്കാനും ലജ്ജിക്കരുതെന്നല്ലാതെ മറ്റു കാര്യങ്ങളിലൊക്കെ ലജ്ജാശീലം അലങ്കാരം തന്നെയാണ്. 'ഇതര ജീവികളിൽ നിന്നും മനുഷ്യനെ വ്യത്യസ്തനാക്കുന്നതും തിന്മകളുടെ വാതിലടച്ചുകളയുന്നതുമായ നല്ലൊരു ഗുണമാണ് ലജ്ജ. ലജ്ജയും മാന്യതയും വിനയവും മിതസംസാരവും മനുഷ്യർക്ക് മാപ്പുനൽകലും വിട്ടുവീഴ്ച ചെയ്യലുമൊന്നും നെഗറ്റീവ് സ്വഭാവങ്ങളോ ഭീരുക്കളുടെ ഗുണങ്ങളോ അല്ല, മറിച്ച് ഉന്നതസ്വഭാവങ്ങളും ഉത്തമ വ്യക്തിത്വത്തി ന്റെ ഗുണങ്ങളുമാണ്.

'നിന്റെ നടത്തത്തിൽ നീ മിതത്വം പാലിക്കുക, നിന്റെ ശബ്ദം നീ ഒതുക്കുകയും ചെയ്യുക' എന്നത് (31:19) വിശുദ്ധ ക്വുർആനിലെ കൽപനയാണ്.

മുൻപ്രവാചകന്മാരെല്ലാം സമൂഹത്തോട് 'നിങ്ങൾക്ക് ലജ്ജയില്ലെങ്കിൽ തോന്നിയപോലെ ചെയ്യുക' എന്ന് പറഞ്ഞിരുന്നതായി മുഹമ്മദ് നബി(സ്വ) പറഞ്ഞിട്ടുണ്ട്. ലജ്ജയുള്ളവർക്ക് തോന്നിയപോലെ ചെയ്യാൻ കഴിയില്ലെന്നും ലജ്ജാശീലം തെറ്റ് ചെയ്യുന്നതിൽനിന്ന് തടയുമെന്നുമാണ് പ്രവാചകന്മാർ പറഞ്ഞതിന്റെ ചുരുക്കം! തന്റെ സഹോദരനെ ലജ്ജയുടെ പേരിൽ ഉപദേശിക്കുകയായിരുന്ന സ്വഹാബിയെ നബി(സ്വ) തിരുത്തുകയും ലജ്ജ സത്യവിശ്വാസത്തിൽപെട്ടതാണെന്ന് പറഞ്ഞുകൊടുക്കുകയും ചെയ്തിട്ടുണ്ട് (ബുഖാരി).

സത്യവിശ്വാസത്തിന്റെ അറുപതിൽപരം ശാഖകളിലെ ഒരു ശാഖയാണ് ലജ്ജയെന്നും (ബുഖാരി) ലജ്ജയും മിതഭാഷണവും സത്യവിശ്വാസത്തിന്റെ രണ്ട് ശാഖകളാണെന്നും (തിർമിദി, അഹ്മദ്) ലജ്ജാശീലം നൻമയല്ലാതെ കൊണ്ടുവരികയില്ലെന്നും (ബുഖാരി) ലജ്ജ മുഴുവനും നന്മ മാത്രമാണെന്നും (മുസ്‌ലിം) നബി(സ്വ) അരുളിയതായി ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം.

അപരിചിതനായ ഒരു യുവാവിന്റെ അടുക്കൽ ഒരു വിശ്വാസിനിയായ യുവതിക്ക് ചെല്ലേണ്ടിവരുമ്പോൾ ഉണ്ടായിരിക്കേണ്ട ലജ്ജാശീലത്തെയും അച്ചടക്കത്തെയും ഒതുക്കത്തെയും കുറിച്ച് മൂസാ നബി(അ) യുടെ ചരിത്രം വിവരിക്കവെ വിശുദ്ധ ക്വുർആൻ (28:25) എടുത്തുപറയുന്നുണ്ട്.



'ഇതര ജീവികളിൽനിന്നും മനുഷ്യനെ വ്യത്യസ്തനാക്കുന്നതും തിന്മകളുടെ വാതിലടച്ചുകളയുന്നതുമായ നല്ലൊരു ഗുണമാണ് ലജ്ജ. ലജ്ജയും മാന്യതയും വിനയവും മിതസംസാരവും മനുഷ്യർക്ക് മാപ്പുനൽകലും വിട്ടുവീഴ്ച ചെയ്യലുമൊന്നും നെഗറ്റീവ് സ്വഭാവങ്ങളോ ഭീരുക്കളുടെ ഗുണങ്ങളോ അല്ല, മറിച്ച് ഉന്നതസ്വഭാവങ്ങളും ഉത്തമ വ്യക്തിത്വത്തിന്റെ ഗുണങ്ങളുമാണ്. 'നിന്റെ നടത്തത്തിൽ നീ മിതത്വം പാലിക്കുക, നിന്റെ ശബ്ദം നീ ഒതുക്കുകയും ചെയ്യുക' എന്നത് (31:19) വിശുദ്ധ ക്വുർആനിലെ കൽപനയാണ്. മുൻപ്രവാചകന്മാരെല്ലാം സമൂഹത്തോട് 'നിങ്ങൾക്ക് ലജ്ജയില്ലെങ്കിൽ തോന്നിയപോലെ ചെയ്യുക' എന്ന് പറഞ്ഞിരുന്നതായി മുഹമ്മദ് നബി(സ്വ) പറഞ്ഞിട്ടുണ്ട്.



ലജ്ജയും സത്യവിശ്വാസവും പരസ്പര ബന്ധിതമായതിനാലും, അതിന്റെ കുറവ് നമ്മുടെ പരലോക വിജയത്തെ സാരമായി ബാധിക്കുമെന്നതിനാലും; വീട്ടിൽ, തൊഴിലിടങ്ങളിൽ, സാമൂഹ്യമാധ്യമങ്ങളിൽ, വിദ്യാലയങ്ങളിൽ, കല്യാണസദസ്സുകളിൽ തുടങ്ങി ജീവിതത്തിൽ ഇടപെടുന്ന രംഗങ്ങളിലെല്ലാം ലജ്ജാശീലം കാത്തുസൂക്ഷിക്കാൻ വിശ്വാസികൾ ശ്രദ്ധിക്കേണ്ടതുണ്ട്.

**പരലോകവിജയമാണ് പ്രധാനം**

ഇഹലോക ജീവിതവിജയമല്ല; ഇരുലോക ജീവിത വിജയമാണ് നാം ലക്ഷ്യമാക്കേണ്ടതെന്നാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. പെട്ടെന്ന് തീർന്നുപോകുന്ന ഇഹലോകജീവിതത്തിനല്ല; ഒരിക്കലും അവസാനിക്കാത്ത പരലോക ജീവിതത്തിനാണ് ഇസ്‌ലാം പ്രാധാന്യം നൽകുന്നത്. അവിടെ നരകശിക്ഷയിൽ നിന്ന് രക്ഷപ്പെടാനും സ്വർഗത്തിൽ പ്രവേശിക്കപ്പെടുവാനുമാണ് നമ്മൾ ഇവിടെ പണിയെടുക്കുകയും പ്രാർഥിക്കുകയും ചെയ്യേണ്ടത്. അതിനാൽ പരലോക ജീവിതവിജയത്തിന് തടസ്സമാകുന്നതും ഇവിടെ നമുക്ക് നല്ലതെന്ന് തോന്നുന്നതുമായ, ഇസ്‌ലാം വിലക്കിയ കാര്യങ്ങൾ വർജിക്കുകതന്നെ വേണം!

ഇതിന്നർഥം സർവ ആസ്വാദിങ്ങളും വെടിഞ്ഞ് സന്യസിക്കണമെന്നല്ല. മതം അനുവദിക്കുന്ന പരിധിയിൽ നിന്നുള്ള ആനന്ദവും ആഘോഷവും ആസ്വാദനവുമൊക്കെയാവാം. വിശ്വാസികളുടെ പ്രാർഥനയായി വിശുദ്ധ ക്വുർആൻ പഠിപ്പിച്ച പ്രാർഥന കാണുക:

“...ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരകശിക്ഷയിൽനിന്ന് ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ” (2:201).

പ്രവാചകൻ(സ്വ) ഏറ്റവും കുടുതൽ പ്രാർഥിച്ചിരുന്നത് ഈ പ്രാഥനയായിരുന്നു എന്നത് ശ്രദ്ധയമാണ്.

**നന്മയിൽ മുന്നേറുക**

മടിപിടിച്ച് നിഷ്‌ക്രിയനായി കഴിയുന്ന പ്രവണതയെ ശക്തമായി നിരുത്സാഹപ്പെടുത്തുകയും എല്ലാ നന്മകളുടെയും മുന്നിൽ നടക്കാനും നന്മയിൽ മത്സരിക്കാനും ഇസ്‌ലാം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. പ്രവാചകന്മാരെല്ലാം നന്മയിൽ മത്സരിച്ചവരായിരുന്നു എന്നാണ് ക്വുർആൻ പഠിപ്പിക്കുന്നത്.

പാരത്രിക വിജയം നഷ്ടപ്പെടാൻ കാരണമാകുന്ന എല്ലാവിധ ദുഃസ്വഭാവങ്ങളിൽനിന്നും രക്ഷപ്പെടാൻ അല്ലാഹുവോട് പ്രാർഥിക്കണമെന്നും നബി(സ്വ) പഠിപ്പിക്കുന്നുണ്ട്.

“അല്ലാഹുവേ, സകല ചീത്ത സ്വഭാവങ്ങളിൽനിന്നും ചീത്തപ്രവൃത്തികളിൽനിന്നും ചീത്ത ആഗ്രഹങ്ങളിൽനിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു” (തുർമുദി).

“അല്ലാഹുവേ, ദുർബലത, അലസത, പിശുക്ക്, ഭീരുത്വം, വാർധക്യംബാധിച്ച് അവശനാകൽ എന്നി വയിൽനിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു” (ബുഖാരി, മുസ്‌ലിം).

### ഇത് പരീക്ഷണത്തിന്റെ ലോകം

മരണത്തോടെ ജീവിതം അവസാനിക്കുന്നില്ലെന്നും നന്മ-തിന്മകൾക്ക് തുല്യമായ പ്രതിഫലം ലഭിക്കുക പരലോകത്താണെന്നതും ഇസ്‌ലാമിലെ വിശ്വാസകാര്യങ്ങളിലൊന്നാണ്.

സത്യവിശ്വാസികളായ പുണ്യവാൻമാർക്ക് അല്ലാഹു അവന്റെ കാരുണ്യം കൊണ്ട് കനിഞ്ഞു നൽകുന്ന സ്വർഗത്തെക്കുറിച്ച് അല്ലാഹു പറഞ്ഞുതരുന്ന കാര്യങ്ങൾ വിശ്വാസിക്ക് പ്രതീക്ഷ പ്രദാനം ചെയ്യുന്നു. നൈമിഷികമായ ഈ ലോക സുഖമാണോ ഉത്തമം, അതല്ല പരലോകത്തെ ശാശ്വതമായ സുഖങ്ങളാണോ എന്ന് ചിന്തിക്കാൻ അവനത് പ്രചോദകമാകുന്നു.

“അതെ, അവർ പ്രവേശിക്കുന്ന സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകൾ. അവയുടെ താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അവർക്ക് അവർ ഉദ്ദേശിക്കുന്നതെന്തും അതിൽ ഉണ്ടായിരിക്കും. അപ്രകാരമാണ് സൂക്ഷ്മത പാലിക്കുന്നവർക്ക് അല്ലാഹു പ്രതിഫലം നൽകുന്നത്” (16:31).

“അവിടെ അവർക്ക് അവരാഗ്രഹിക്കുന്നതൊക്കെ കിട്ടും. അവരവിടെ നിത്യവാസികളായിരിക്കും” (25:16).

“നിങ്ങൾക്കവിടെ (പരലോകത്ത്) നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്നതെല്ലാമുണ്ടായിരിക്കും. നിങ്ങൾ ക്കവിടെ നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാമുണ്ടായിരിക്കും” (41/31).

മനസ്സുകൾ കൊതിക്കുന്നതും കണ്ണുകൾക്ക് ആനന്ദകരവുമായ കാര്യങ്ങൾ അവിടെ ഉണ്ടായിരിക്കും (43/71), അവരതിൽ നിത്യവാസികളായിരിക്കും. അതിൽനിന്ന് വിട്ടുമാറാൻ അവർ ആഗ്രഹിക്കുകയില്ല (18:108), തങ്ങളുടെ മനസ്സുകൾക്ക് ഇഷ്ടപ്പെട്ട സുഖാനുഭവങ്ങളിൽ അവർ നിത്യവാസികളായിരിക്കും (21:102).

### മുസ്‌ലിമായതിൽ അഭിമാനിക്കുക

ഈ ലോകത്ത് ഒരു മനുഷ്യന് കിട്ടുന്ന ഏറ്റവും വലിയ അനുഗ്രഹമാണ് മുസ്‌ലിമാകാൻ അവസരം ലഭിക്കുക എന്നത്. പരമകാരുണികനും അളവറ്റ ദയാപരനും അലിവും കനിവും അനുകമ്പയും വാത്സല്യവും കൃപയും ഏറെയുള്ളവനും, എല്ലാവരെക്കാളുമേറെ നമ്മെ സ്നേഹിക്കുന്നവനുമായ നമ്മുടെ രക്ഷിതാവായ അല്ലാഹുവിനെ അറിയുകയും അവന്ന് സ്വന്തത്തെ സമർപ്പിക്കുകയും അവന്ന് കീഴ്‌പ്പെട്ടു ജീവിക്കാൻ അവസരം ലഭിക്കുകയും ചെയ്യുക എന്നത് മനുഷ്യന് കിട്ടിയ ഏറ്റവും വലിയ ഭാഗ്യം തന്നെയാണ്.

പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു, അവന്റെ അറിവിലും കഴിവിലും കാഴ്ചയിലും കേൾവിയിലും തന്റെ കൂടെയുണ്ടന്ന ദൃഢവിശ്വാസം ഒരു സത്യവിശ്വാസിക്ക് നൽകുന്ന പ്രതീക്ഷയും പ്രത്യാശയും ആശ്വാസവും നിർഭയത്വവും അപാരമാണ്.

എന്ത് പ്രശ്നങ്ങളിലും തന്നെ സഹായിക്കുവാൻ എന്തിനും കഴിവുള്ള തന്റെ റബ്ബുണ്ടെന്ന ഉറച്ച ബോധവും അതുവഴി വിശ്വാസിക്ക് കിട്ടുന്ന ധൈര്യവും മനക്കരുത്തുമൊക്കെ പറഞ്ഞറിയിക്കാനാവാത്തതാണ്.

അല്ലാഹു അടിമക്ക് മതിയായവനാണെന്നും അവനിലാണ് ഭരമേൽപിക്കേണ്ടതെന്നും (39:36), (3:73); ദുഖിക്കേണ്ട, ഭയപ്പെടേണ്ട അല്ലാഹു കൂടെയുണ്ടെന്നുമുള്ള (9:40), (20:46) വിശുദ്ധ ഖുർആനിന്റെ പാഠങ്ങൾ മുസ്‌ലിമിന് നൽകുന്ന നിർഭയത്വവും സമാധാനവും ശാന്തിയും സുരക്ഷിതത്വബോധവുമൊക്കെ എത്രയോ വലുതാണ്!

ഈ ലോകത്ത് ഒരു മനുഷ്യന് കിട്ടുന്ന ഏറ്റവും വലിയ അനുഗ്രഹമാണ് മുസ്‌ലിമാകാൻ അവസരം ലഭിക്കുക എന്നത്. പരമകാരുണികനും അളവറ്റ ദയാപരനും അലിവും കനിവും അനുകമ്പയും വാത്സല്യവും കൃപയും ഏറെയുള്ളവനും, എല്ലാവരെക്കാളുമേറെ നമ്മെ സ്നേഹിക്കുന്നവനുമായ നമ്മുടെ രക്ഷിതാവായ അല്ലാഹുവിനെ അറിയുകയും അവന്ന് സ്വന്തത്തെ സമർപ്പിക്കുകയും അവന്ന് കീഴ്പ്പെട്ടു ജീവിക്കാൻ അവസരം ലഭിക്കുകയും ചെയ്യുക എന്നത് മനുഷ്യന് കിട്ടിയ ഏറ്റവും വലിയ ഭാഗ്യം തന്നെയാണ്. പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു, അവന്റെ അറിവിലും കഴിവിലും കാഴ്ചയിലും കേൾവിയിലും തന്റെ കൂടെയുണ്ടന്ന ദൃഢവിശ്വാസം ഒരു സത്യവിശ്വാസിക്ക് നൽകുന്ന പ്രതീക്ഷയും പ്രത്യാശയും ആശ്വാസവും നിർഭയത്വവും അപാരമാണ്.





പ്രാർഥനയും സഹായതേട്ടവും സഹായാഭ്യർഥനയും അഭയതേട്ടവും രക്ഷാതേട്ടവും പാപമോചന പ്രാർഥനയുമൊക്കെ കേൾക്കാനും ഉത്തരം ചെയ്യാനും കഴിവുള്ള അല്ലാഹുവോട് മാത്രമെ ഞാൻ പ്രാർഥിക്കുകയുള്ളൂ എന്നും അവന്റെ മുന്നിൽ മാത്രമെ തല കുനിക്കുകയും സുജൂദിൽ വീഴുകയുമുള്ളൂ എന്നും പ്രതിജ്ഞ ചെയ്യുക എന്നത് വിശ്വാസിക്ക് നൽകുന്ന ആത്മാഭിമാനം ചെറുതല്ല.

ലോകാവസാനംവരെയുള്ള മനുഷ്യർക്ക് നന്മ-തിന്മകൾ വേർതിരിച്ച് വ്യക്തമാക്കി കൊടുക്കുവാനും ദൈവിക കൽപനകളനുസരിച്ച് ജീവിച്ച് കാണിക്കുവാനും അല്ലാഹു അയച്ച അല്ലാഹുവിന്റെ നബി(സ്വ)യുടെ അനുയായിയായ മുസ്‌ലിമാണെന്ന് പ്രഖ്യാപിക്കുകയും ആ നബിയിലൂടെ അല്ലാഹു അവതരിപ്പിച്ച മാർഗദർശക ഗ്രന്ഥമായ വിശുദ്ധ ക്വുർആനിനെ നെഞ്ചോട് ചേർത്ത് വെക്കുകയും ചെയ്യുന്ന മുസ്‌ലിമിന് ലഭിക്കുന്ന മനഃസംതൃപ്തി പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്.

“മനുഷ്യവംശത്തിനുവേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ...”(3:100), “അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്” (4:33).

“നിങ്ങൾ ദൗർബല്യം കാണിക്കുകയോ ദുഃഖിക്കുകയോ ചെയ്യരുത്; നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതൻമാർ” (3: 139).

“വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം (ശിർക്ക്) കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവര്” (6:82). അല്ലാഹുവിനും അവന്റെ ദൂതന്നും സത്യവിശ്വാസികൾക്കുമാകുന്നു പ്രതാപം”(63:8). “തീർച്ചയായും വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ തന്നെയാകുന്നു സൃഷ്ടികളിൽ ഉത്തമർ” (98:7).

“ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് ചൊവ്വെ നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല” (46:13).

വിശുദ്ധ ക്വുർആനിലെ മേൽ വചനങ്ങൾ ഒരാവർത്തി ശ്രദ്ധിച്ച് വായിക്കുന്ന ഒരു മുസ്‌ലിമിന് തെല്ലും അപകർഷബോധമോ നിരാശയോ ഉണ്ടാകില്ലെന്ന് മാത്രമല്ല അഭിമാനബോധവും തനിക്ക് സന്മാർഗം നൽകി അനുഗ്രഹിച്ച അല്ലാഹുവിനോടുള്ള കൃതജ്ഞതയും മനസ്സിൽ നിറഞ്ഞു നിൽക്കുകയും ചെയ്യും.

മാത്രമല്ല, അത് നഷ്ടപ്പെടാതിരിക്കാൻ ജാഗ്രത കൈക്കൊള്ളുന്നതോടൊപ്പം പ്രാർഥിച്ചും മാതൃകാവിശ്വാസിയായി ജീവിച്ചും സ്രഷ്ടാവിന്റെ മുന്നിൽ അവൻ കൂടുതൽ വിനീതനാവും.

“ഞങ്ങളെ ഇതിലേക്ക് നയിച്ച അല്ലാഹുവിന് സ്തുതി. അല്ലാഹു ഞങ്ങളെ നേർവഴിയിലേക്ക് നയിച്ചി രുന്നില്ലെങ്കിൽ ഞങ്ങളൊരിക്കലും നേർവഴി പ്രാപിക്കുമായിരുന്നില്ല” (ക്വുർആൻ 7:43).

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300

ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ നവോത്ഥാന നായകൻ 33

# തൂലിക പടവാളാക്കിയ പരിഷ്‌കർത്താവ് 03

നേരത്തെ പ്രസിദ്ധീകരിക്കപ്പെട്ടിരുന്ന 'അൽമുർശിദ്' മാസികയിലെ മിക്ക എഴുത്തുകാരും 'അൽഇത്തിഹാദി'ലും അണിനിരന്നിരുന്നു. കെ.എം മൗലവിയുടെ ഫത്‌വകൾ, കെ. ഉമർ മൗലവിയുടെ മിശ്കാത്ത് പരിഭാഷ, സി.എ. മുഹമ്മദ് മൗലവിയുടെ അൽഫിഖ്ഹ് തുടങ്ങിയ സ്ഥിരം പംക്തികളും എൻ.കെ. അഹ്മദ് മൗലവി, ഫലകി മുഹമ്മദ് മൗലവി, കെ.കെ.എം ജമാലുദ്ദീൻ മൗലവി തുടങ്ങിയവരുടെ അറബി കവിതകളും ടി. ഉബൈദ്, കെ.ടി മുഹമ്മദ് വിദ്വാൻ, ടി.സി. മമ്മി എന്നിവരുടെ മലയാള കവിതകളും ഈ മാസികയെ ധന്യമാക്കിയിരുന്നു. മുഹമ്മദ് അമാനി മൗലവിയുടെ ഫിഖ്ഹും ഹദീസും താരതമ്യം ചെയ്തുകൊണ്ടുള്ള പംക്തിയും ഓരോ ലക്കത്തിലും ഉൾപ്പെടുത്തിയിരുന്ന ക്വുർആൻ പാഠവും ഏറെ ശ്രദ്ധേയമായിരുന്നു. ഇത്തിഹാദ് (ഐക്യം) എന്ന പേരിനെ അന്വർഥമാക്കും വിധം ഐക്യത്തെക്കുറിച്ചുള്ള ധാരാളം ലേഖനങ്ങളും ആഹ്വാനങ്ങളും ഈ മാസികയിൽ വന്നിരുന്നു.

'അൽഇത്തിഹാദ്' എന്ന ഒരു അറബി മലയാള മാസിക ഇ.കെ. മൗലവി സാഹിബ് സ്വന്തം പത്രാധിപത്യത്തിൽ നടത്തുകയുണ്ടായി. ഈ മാസിക 1950 ഫെബ്രുവരി 1ന് തിരൂരങ്ങാടിയിൽനിന്ന് പ്രസിദ്ധീകരണം ആരംഭിച്ചു. 1956 സെപ്തംബറോടുകൂടി ഈ മാസികയുടെ പ്രവർത്തനം നിലച്ചു. കേരളത്തിലെ ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ പ്രയാണത്തിൽ ഊർജം പകരുകയായിരുന്നു ഇത്തിഹാദിന്റെ ലക്ഷ്യം. തിരൂരങ്ങാടിയിലെ സി.എച്ച്. അബ്ദുറഹ്മാൻ ഹാജിയുടെ റുഖിയ്യ പ്രസ്സിൽനിന്നാണ് അൽഇത്തിഹാദ് അച്ചടിച്ചിരുന്നത്.

പ്രഥമ ലക്കം മുതൽ കേരളത്തിലെ ഇസ്‌ലാഹി പ്രസ്ഥാന ചരിത്രം, തുടർലേഖനങ്ങളായി 'ഖാദിമുൽ ഇസ്‌ലാം' എന്ന തൂലികാനാമത്തിൽ ഇ.കെ മൗലവി എഴുതിയിരുന്നു. കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ



സ്ഥാപനം മുതൽ കണ്ണൂരിൽവെച്ച് നടന്ന അതിന്റെ 12ാം വാർഷിക സമ്മേളനത്തിൽ അത് കേരള മുസ്‌ലിം മജ്‌ലിസിൽ വിലയം പ്രാപിച്ചതുവരെയുള്ള ചരിത്രം ഉൾക്കൊള്ളുന്നതായിരുന്നു ആ ലേഖനപരമ്പര. സ്ത്രീ വിദ്യാഭ്യാസം, പൊതുപ്രവർത്തനം, സ്ത്രീധനം തുടങ്ങി സ്ത്രീകളെ ബാധിക്കുന്ന എല്ലാ വിഷയങ്ങളും ആഴത്തിൽ വിശകലനം ചെയ്തിരുന്ന 'ഇസ്‌ലാമും സ്ത്രീകളും' എന്ന ഇ.കെ. മൗലവിയുടെ ലേഖനപരമ്പര കേരളത്തിലെ മുസ്‌ലിം സ്ത്രീകളെ മതപരമായും വിദ്യാഭ്യാസപരമായും സാമൂഹികമായും ഉണർത്തുന്നതിൽ ഏറെ സ്വാധീനം ചെലുത്തുകയുണ്ടായി. തലശ്ശേരിയിൽ ചേർന്ന ഐക്യസംഘത്തിന്റെ നാലാം വാർഷിക സമ്മേളനത്തിൽ സ്വാതന്ത്ര്യസമര സേനാനി മൗലാനാ മുഹമ്മദ് അലിയുടെ മാതാവ് ബീ ഉമ്മ മക്കളെ മാതൃകാപരമായി വളർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നടത്തിയ ഉജ്ജ്വല പ്രസംഗത്തിന്റെ പ്രസക്തഭാഗങ്ങൾ ഈ ലേഖനത്തിൽ ഇ.കെ.മൗലവി എടുത്തുദ്ധരിക്കുന്നുണ്ട്.

നേരത്തെ പ്രസിദ്ധീകരിക്കപ്പെട്ടിരുന്ന 'അൽമുർശിദ്' മാസികയിലെ മിക്ക എഴുത്തുകാരും 'അൽഇത്തിഹാദി'ലും അണിനിരന്നിരുന്നു. കെ.എം മൗലവിയുടെ ഫത്‌വകൾ, കെ. ഉമർ മൗലവിയുടെ മിശ്കാത്ത് പരിഭാഷ, സി.എ. മുഹമ്മദ് മൗലവിയുടെ അൽഫിഖ്ഹ് തുടങ്ങിയ സ്ഥിരം പംക്തികളും എൻ.കെ. അഹ്മദ് മൗലവി, ഫലകി മുഹമ്മദ് മൗലവി, കെ.കെ.എം ജമാലുദ്ദീൻ മൗലവി തുടങ്ങിയവരുടെ അറബി കവിതകളും ടി. ഉബൈദ്, കെ.ടി മുഹമ്മദ് വിദ്വാൻ, ടി.സി. മമ്മി എന്നിവരുടെ മലയാള കവിതകളും ഈ മാസികയെ ധന്യമാക്കിയിരുന്നു. മുഹമ്മദ് അമാനി മൗലവിയുടെ ഫിഖ്ഹും ഹദീസും താരതമ്യം ചെയ്തുകൊണ്ടുള്ള പംക്തിയും ഓരോ ലക്കത്തിലും ഉൾപ്പെടുത്തിയിരുന്ന ഖുർആൻ പാഠവും ഏറെ ശ്രദ്ധേയമായിരുന്നു. ഇത്തിഹാദ് (ഐക്യം) എന്ന പേരിനെ അന്വർഥമാക്കും വിധം ഐക്യത്തെക്കുറിച്ചുള്ള ധാരാളം ലേഖനങ്ങളും ആഹ്വാനങ്ങളും ഈ മാസികയിൽ വന്നിരുന്നു.

പുസ്തകം 1 ലക്കം 10ൽ മുസ്‌ലിം നേതാക്കൾ ഉണരണം എന്ന പത്രാധിപക്കുറിപ്പിൽ കക്ഷിവഴക്കുകളെ പരാമർശിച്ച് ഇ.കെ.മൗലവി ഇങ്ങനെ എഴുതുന്നു:

"ആത്മഹത്യാപരമായ ഈ കക്ഷിത്വവും മത്സരവും മൂലം മുസ്‌ലിം സമുദായത്തിന്റെ ശക്തി ദിനംപ്രതി ക്ഷയിച്ചുവരികയും ചെയ്യുന്നു. ഈ വസ്തുത ഈ കക്ഷികളാരും തന്നെ ഗൗനിക്കുന്നില്ല. ഓരോ കക്ഷിയും തങ്ങളാണ് ഹഖിന്റെ അഹ്‌ലുകാരെന്ന് കരുതിയായിരിക്കും പ്രവർത്തിക്കുന്നത്. എന്നാൽ പ്രവർത്തന രീതിയിൽ വന്നിട്ടുള്ള ഭയങ്കരമായ അബദ്ധംമൂലം പൊതുവെ സമുദായത്തിന്റെ ശക്തി നശിക്കുകയും അങ്ങനെ ഓരോ കക്ഷിയെയും ആ ക്ഷയം ബാധിക്കുകയുമാണ് ചെയ്യുന്നതെന്ന് അവർ അറിയുന്നില്ല. ഒരു പൊതുശത്രുത അവരെ എല്ലാ കക്ഷികളെയും തുറിച്ചുനോക്കിക്കൊണ്ട് തക്കം പാർത്തിരിക്കുന്ന വിവരം അവർ മനസ്സിലാക്കാത്തതാണ് വ്യസനം. തറവാട്ടിലെ അംഗങ്ങൾ തറവാട് ഭാഗിക്കുവാൻ ഒരുങ്ങിയിരിക്കുകയാണ്. ഉയർന്ന മുറികൾ ഞങ്ങൾക്ക് കിട്ടണമെന്ന് വാദിച്ച് ബഹളം കൂട്ടുന്നു. ഓരോ അംഗങ്ങളും തന്റെ വാദം സ്ഥാപിക്കാൻ വെമ്പൽകൊള്ളുന്നു. എന്നാൽ തറവാടിന് തീ പിടിക്കുകയാണ്. അതവർ അറിയുന്നില്ല. അറിഞ്ഞാലും അതേപറ്റി ഗൗനിക്കുന്നില്ല. ഇതാണ് ഇന്നത്തെ മുസ്‌ലിംസമുദായത്തിന്റെ നില. ഇതിനൊരു പരിഹാരം കാണാത്തപക്ഷം സമുദായം നശിക്കും. (അല്ലാഹു കാക്കട്ടെ)."

## അൽമുർശിദ് മലയാള മാസിക

1956ൽ 'അൽഇത്തിഹാദ്' അറബി മലയാളം മാസിക നിലച്ചതിനുശേഷം 'അൽമുർശിദ്' എന്ന പേരിൽ തന്നെ ഒരു മലയാളം മാസിക ഇ.കെ മൗലവിയുടെ പത്രാധിപത്യത്തിൽ തിരൂരങ്ങാടി

യിൽനിന്നും പുറത്തിറങ്ങുകയുണ്ടായി. മതരംഗത്ത് പ്രവർത്തിച്ചിരുന്നവരും സി.എച്ച്.മുഹമ്മദ് കോയയെപ്പോലെ രാഷ്ട്രീയരംഗത്ത് പ്രവർത്തിച്ചിരുന്നവരുമായ പല പ്രഗത്ഭരും ഈ മാസികയിൽ എഴുതിയിരുന്നു. തിരൂരങ്ങാടി ഓറിയന്റൽ ഹൈസ്കൂളിന് സമീപമുള്ള കെട്ടിടത്തിലായിരുന്നു അൽമുർശിദിന്റെ ഓഫീസ്.

### നിസാഉൽ ഇസ്‌ലാം

അറബിമലയാളത്തിൽ പ്രസിദ്ധീകരിച്ച കേരളത്തിലെ ആദ്യ വനിതമാസികയാണ് 'നിസാഉൽ ഇസ്‌ലാം.' കെ.സി. കോമുക്കുട്ടി മൗലവിയായിരുന്നു പത്രാധിപർ. ഇരിമ്പിളിയം ഹൈദരിയ്യ പ്രസ്സിൽനിന്നായിരുന്നു ഇത് അച്ചടിച്ചിരുന്നത്. 1929 സെപ്തംബറിൽ പ്രഥമലക്കം പുറത്തിറങ്ങി. പ്രഥമലക്കത്തിൽ തന്നെ ശിശുപരിപാലനം എന്ന തലക്കെട്ടിൽ ഇ.കെ. മൗലവിയുടെ ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. ശിശുപരിപാലനം എന്ന ശീർഷകത്തിൽ മിക്ക ലക്കങ്ങളിലും മൗലവിയുടെ ലേഖനം ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചിരുന്നു. സ്ത്രീസംബന്ധമായ ഇസ്‌ലാമിക കാഴ്ചപ്പാടും ആധുനിക വീക്ഷണങ്ങളും സമന്വയിപ്പിച്ചുകൊണ്ടുള്ള ലേഖനങ്ങളാൽ ധന്യമായിരുന്നു ഈ മാസിക. ഒരു കൊല്ലവും നാലു മാസവും അഥവാ പതിനാറു ലക്കങ്ങൾ മാത്രമാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. കെ.എം. മൗലവി, എം.സി.സി. അബ്ദുറഹ്മാൻ മൗലവി, എം.സി.സി. അഹ്മദ് മൗലവി തുടങ്ങിയ കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ നായകന്മാരെല്ലാം നിസാഉൽ ഇസ്‌ലാമിൽ അണിനിരന്നു. ഒട്ടുമിക്ക ലക്കങ്ങളിലും ഇ.കെ. മൗലവിയുടെ ലേഖനങ്ങൾ വെളിച്ചം കണ്ടിരുന്നു. ആദ്യലക്കത്തിൽ എഴുതിയ ലേഖനത്തിൽതന്നെ സ്ത്രീകൾക്കു വേണ്ടി ഇങ്ങനെ ഒരു മാസിക പുറത്തിറങ്ങുന്നതിലുള്ള അദ്ദേഹത്തിന്റെ സന്തോഷം രേഖപ്പെടുത്തിയിട്ടുണ്ട്. ആ വരികൾ ചുവടെ കൊടുക്കുന്നു:

"കേരളത്തിലെ മുസ്‌ലിം സ്ത്രീകളുടെ ഉപയോഗത്തെ മുൻനിറുത്തിക്കൊണ്ട് അറബിമലയാള ലിപിയിൽ ഒരു മാസിക അടുത്ത് തന്നെ പുറപ്പെടുവിച്ചു തുടങ്ങുന്നതാണെന്നും അതിലേക്ക് സ്ത്രീകളെ സംബന്ധിക്കുന്ന ഒരു വിഷയം എഴുതി അയക്കണമെന്നും കാണിച്ചുകൊണ്ടുള്ള ഒരു കത്ത് എനിക്ക് കിട്ടിയപ്പോൾ എനിക്കുണ്ടായ സന്തോഷത്തിന്ന് കയ്യും കണക്കുമില്ല. കേരളത്തിലെ മുസ്‌ലിം സ്ത്രീകൾ പഠിപ്പില്ലാത്തവരാണെങ്കിലും മുസ്‌ലിം സ്ത്രീകളാണെന്ന നിലയിൽ പലവിധത്തിലുള്ള അഭിമാനത്തിന്നും അവകാശമുണ്ട്. സ്ത്രീകളുടെ ന്യായമായ സ്വാതന്ത്ര്യത്തെ ഒന്നാമതായി ജനങ്ങളെ മനസ്സിലാക്കിയത് ഇസ്‌ലാം ദീനാണ്. ഇസ്‌ലാമിന്റെ തുടക്കം മുതൽ ഇതെവരേയും മുസ്‌ലിമീങ്ങളിൽ പല വിദുഷികളും (പഠിപ്പുള്ള സ്ത്രീകളും) മഹതികളും (മഹത്വമുള്ള സ്ത്രീകളും) ഉണ്ടായിട്ടുണ്ട്. മുൻകാലത്തുണ്ടായിരുന്ന ആഇശബീവി, ഫാത്വിമാബീവി, നഫീസത്തുൽ മിസ്‌രിയ്യഃ, റാബിഅതുൽ അദവിയ്യ മുതലായവരെ അറിയാത്തവർ ആരും ഉണ്ടായിരിക്കയില്ല. ഇന്ത്യാരാജ്യത്തെപറ്റി പ റയുന്നതായാൽ മുൻകാലത്ത് റളിയ്യഃബീഗം ഒരു വലിയ രാജ്ഞിയായിരുന്നു. ഇപ്പോൾ ജീവിച്ചിരിക്കുന്ന ഭോപ്പാൽ ബീഗത്തെ അറിയാത്തവർ ആരാണ്? ആ മഹതി ഒരു രാജ്ഞിയും അലിഗർ എം.എ.ഒ. കാളേജ് വൈസ്ചാൻസലറുമായിരുന്നുവെന്ന് കൂടി പത്രം വായിക്കുന്നവർക്കൊക്കെ അറിയാം. എന്തിന്ന് അങ്ങും ഇങ്ങും ഒക്കെ പോകുന്നു. നമ്മുടെ മലയാള രാജ്യത്ത് തന്നെ കണ്ണൂർ അറക്കൽ രാജധാനിയെ ഇപ്പോൾ അലങ്കരിച്ചിട്ടുള്ളത് ഒരു സ്ത്രീരത്നമാണെന്നുള്ളത് കേരളത്തിലെ മുസ്‌ലിം സ്ത്രീകൾക്ക് എത്ര കണ്ട് അഭിമാനകരമാണ്. പ്രസ്തുത രാജധാനി ഇതിന്ന് മുമ്പും മഹിളാമണികളാൽ അലംകൃതമായിട്ടുണ്ടെന്നുള്ളത് മറക്കത്തക്കതല്ല. എന്നാൽ ഇന്ന് ആ രാജപീഠത്തെ ശോഭിപ്പിക്കുന്ന ആദിരാജാ സുൽത്താനഃ ആഇശഃ ബീവിയിൽ(ആ മഹതിക്ക് അല്ലാഹു ആരോഗ്യവും ദീർഘായുസ്സും നല്കുമാറാകട്ടെ!) ചില പ്രത്യേക മഹൽ ഗുണങ്ങൾ കൂടിയുണ്ട്. കേരളത്തിൽ മുസ്‌ലിം സ്ത്രീകളുടെ നന്മയെ മുൻനിറുത്തിക്കൊണ്ട് ആ മഹതി പലതും ചെയ്തുവരുന്നുണ്ട്. തങ്ങളുടെ പരിഷ്ക്കരണത്തിന്നായി കേരളത്തിലെ മുസ്‌ലിം സ്ത്രീകൾക്ക് ഒരു രാജ്ഞിയെ ലഭിച്ചുവെന്നുള്ളത് ഒരു മഹാഭാഗ്യം തന്നെയാണ്."

### സഹൃദയോപഹാരം

1930കളിൽ കൊല്ലം ജില്ലയിലെ ഇടവയിൽനിന്ന് ഇ.എം. ഹബീബ് മുഹമ്മദിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'സഹൃദയോപഹാരം' എന്ന ആനുകാലികത്തിലും ഇ.കെ.

മൗലവി ലേഖനങ്ങളെഴുതിയിരുന്നു. കേരള മുസ്‌ലിംകളുടെ അനിസ്‌ലാമിക ആചാരങ്ങളെക്കുറിച്ച് 'സഹൃദയോപഹാര'ത്തിൽ അദ്ദേഹം എഴുതിയ ലേഖനം കേരള മുസ്‌ലിംകൾക്കിടയിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും തുറന്നെതിർക്കുന്ന ഒന്നായിരുന്നു.

### കൊച്ചിൻ മെയിൽ

1945ൽ 'കൊച്ചിൻ മെയിൽ' എന്ന പത്രം ഇ.കെ. മൗലവി സ്വന്തമായി നടത്തിയിരുന്നു. അദ്ദേഹം മലബാറിലേക്ക് തിരിച്ചു വന്നപ്പോൾ ആ പത്രം മുസ്‌ലിം ലീഗ് ഏറ്റെടുക്കുകയാണുണ്ടായത്.

### അൽമനാർ മാസിക

1950 ൽ ഇസ്‌ലാഹീ ആശയം സ്വീകരിച്ച സാധാരണക്കാരുടെ പൊതു വേദിയായി കേരള നദ്‌വത്തുൽ മുജാഹിദീൻ രൂപീകരിക്കപ്പെട്ടതോടു കൂടി സംഘടനക്ക് ഒരു മുഖപത്രം ആവശ്യമാണെന്ന അഭിപ്രായം ഉയർന്നു വന്നു. ആ വർഷം തന്നെ സംഘടനയുടെ മുഖപത്രമായി അൽമനാർ മാസിക പ്രസിദ്ധീകരണം ആരംഭിച്ചു. അൽമനാറിൻെറ പ്രഥമലക്കം മുതൽ തന്നെ ഇ.കെ. മൗലവിയുടെ ലേഖനങ്ങൾ അൽമനാർ പ്രസിദ്ധീകരിച്ചു തുടങ്ങിയിരുന്നു. തൻെറ പത്രാധിപത്യത്തിൽ അൽ ഇത്തിഹാദ് അറബി മലയാളം മാസികയും അൽ മുർശിദ് മലയാളം മാസികയും പുറത്തിറങ്ങുമ്പോഴും അൽ മനാറിൻെറ മിക്ക ലക്കങ്ങളും തൻെറ തൂലിക കൊണ്ട് ധന്യമാക്കാൻ ഇ.കെ. മൗലവിക്കു കഴിഞ്ഞു.


ഇ.കെ.മൗലവിയുടെ പങ്കാളിത്തത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട മാസികകളും വാരികകളുമെല്ലാം തന്നെ ജനങ്ങളിൽ അസൂയാർഹമായ മാറ്റങ്ങളുണ്ടാക്കിയെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമത്രെ. ഇത്തരം ആനുകാലികങ്ങൾ നടത്തിപ്പോന്നതോടൊപ്പം മറ്റനേകം പത്രങ്ങളിൽ ലേഖനങ്ങളെഴുതാനും ആദർശ പ്രചാരണ രംഗത്ത് സ്തുത്യർഹമായ സേവനങ്ങളർപ്പിക്കാനും ഇ.കെ.മൗലവിക്കു കഴിഞ്ഞിട്ടുണ്ട്.


ചരിത്രം
ഇ. കെ. മൌലവി

*അൽമനാർ മാസികയിൽ പ്രഥമ ലക്കത്തിൽ മൗലവി സാഹിബ് എഴുതിയ ലേഖനത്തിൻെറ പേജ്*

### ഗ്രന്ഥങ്ങൾ

ആനുകാലികങ്ങളിൽ നിറഞ്ഞ് നിൽക്കുകയും അതോടൊപ്പം തന്റെ തിരക്കുപിടിച്ച പത്ര പ്രവർത്തനങ്ങൾക്കിടയിൽ ഗ്രന്ഥരചനകൾക്ക് അദ്ദേഹം സമയം കണ്ടെത്തിയെന്നതും അത്ഭുതകരമാണ്. മലയാള ഭാഷയുടെ യഥാർഥ രൂപം മുസ്‌ലിം പണ്ഡിതകേരളത്തെ പഠിപ്പിച്ചത് അദ്ദേഹമായിരുന്നു. ശുദ്ധമായ മലയാളത്തിൽ എഴുതാനും പ്രസംഗിക്കാനും കഴിഞ്ഞിരുന്ന അദ്ദേഹത്തിന്റെ കൃതികൾ നിത്യപ്രസക്തങ്ങളായി ഇന്നും നിലനിൽക്കുന്നു. നിരവധി ശ്രദ്ധേയമായ പുസ്തകങ്ങൾ എഴുതിയിട്ടുള്ള അദ്ദേഹത്തിന്റെ കേരള മുസ്‌ലിം ഐക്യസംഘവും നവോത്ഥാനവും, ഇസ്‌ലാമും കമ്യൂണിസവും, ഇസ്‌ലാമും എച്ച് ജി വെൽസും,


المنار

# അൽ-മനാർ

പത്രാധിപർ പി. കെ. മൂസമൌലവി

(കേരള ജംഇയ്യത്തുൽ ഉലമായുടെ ആദർശമനുസരിച്ച് നടത്തപ്പെടുന്ന ഏക മലയാളപ്രതിപക്ഷപത്രം)

| | | |
|---|---|---|
| പുസ്തകം : 1 | 1950 ഏപ്രിൽ 5-ാംനു- جمادالاخرى ١٣٦٩ هجرة | ലക്കം : 1 |

ഉള്ളടക്കം

| | | |
|---|---|---|
| 1 | പ്രസ്താവന | 1 |
| 2 | ഉപദേശം | 2 |
| 3 | വിശുദ്ധ ഖുർആൻ വ്യാഖ്യാനം | 3 |
| 4 | ഹദീസ് തർജമ | 5 |
| 5 | ചരിത്രം | 7 |
| 6 | നാവിനാലുണ്ടാകുന്ന വിപത്തുകൾ | 11 |
| 7 | ഖാദിയാനി നബുവ്വത്ത് | 13 |
| 8 | ആരോഗ്യം | 17 |
| 9 | യുവാക്കളോട് | 18 |
| 10 | ഉലമാക്കളോട് (അറബി) | 20 |

വരിസംഖ്യ കൊല്ലത്തേക്ക് 6ക. ഒറ്റപ്രതിക്ക് 4ണ.

മലയാള ഭാഷയുടെ യഥാർഥ രൂപം മുസ്‌ലിം പണ്ഡിതകേരളത്തെ പഠിപ്പിച്ചത് അദ്ദേഹമായിരുന്നു. ശുദ്ധമായ മലയാളത്തിൽ എഴുതാനും പ്രസംഗിക്കാനും കഴിഞ്ഞിരുന്ന അദ്ദേഹത്തിന്റെ കൃതികൾ നിത്യപ്രസക്തങ്ങളായി ഇന്നും നിലനിൽക്കുന്നു. നിരവധി ശ്രദ്ധേയമായ പുസ്തകങ്ങൾ എഴുതിയിട്ടുള്ള അദ്ദേഹത്തിന്റെ കേരള മുസ്‌ലിം ഐക്യസംഘവും നവോത്ഥാനവും, ഇസ്‌ലാമും കമ്യൂണിസവും, ഇസ്‌ലാമും എച്ച് ജി വെൽസും, ശൈഖ് ജീലാനി, അൽ ഇസ്‌ലാം, ഇസ്‌ലാം മത വിശ്വാസങ്ങൾ , കിതാബുന്നഹ്‌വ്, കിതാബുൽ ഈമാൻ, ഹാജി കെ സീതി മുഹമ്മദ് തുടങ്ങിയ പുസ്തകങ്ങൾ എടുത്തുപറയേണ്ട രചനകളാണ്.

ശൈഖ് ജീലാനി, അൽ ഇസ്‌ലാം, ഇസ്‌ലാം മത വിശ്വാസങ്ങൾ , കിതാബുന്നഹ്‌വ്, കിതാബുൽ ഈമാൻ, ഹാജി കെ സീതി മുഹമ്മദ് തുടങ്ങിയ പുസ്തകങ്ങൾ എടുത്തുപറയേണ്ട രചനകളാണ്. ഖിബ്‌ല വിവാദത്തിൽ ചാലിലത്ത് കുഞ്ഞഹമ്മദ് ഹാജിയെ പിന്തുണച്ചിരുന്ന കാസർഗോഡ് ഖാദി അബ്ദുല്ല മൗലവിയെക്കുറിച്ച് ഇ.കെ.മൗലവി ഒരു ചെറുഗ്രന്ഥം എഴുതിയിരുന്നു.

വിഖ്യാത എഴുത്തുകാരൻ എച്ച് ജി വെൽസിന്റെ ഇസ്‌ലാം വിമർശനങ്ങളുടെ മുനയൊടിക്കുന്ന കനപ്പെട്ട കൃതിയാണ് 'ഇസ്‌ലാമും എച്ച് ജി വെൽസും.' ഈ കൃതി പ്രവാചകനെയും ഖുർആനെയും തെറ്റായി അവതരിപ്പിച്ച എച്ച്ജി വെൽസിന്റെ വാദങ്ങളിലെ പൊള്ളത്തരങ്ങളെ പൊളിച്ചെഴുതുന്നു.

കമ്യൂണിസത്തെയും ഇസ്‌ലാമിനെയും താരതമ്യം ചെയ്തുകൊണ്ട് മലയാളത്തിൽ പ്രസിദ്ധീകൃതമായ ആദ്യത്തെ കൃതിയാണ് 'ഇസ്‌ലാമും കമ്യൂണിസവും.' കമ്യൂണിസത്തിന്റെ അപ്രായോഗികത ബോധ്യപ്പെടുത്തിയും അതിന്റെ നിരർഥകത തെളിയിച്ചും എഴുതപ്പെട്ട ഈ ഗ്രന്ഥം കമ്യൂണിസത്തിന്റെ ഇസ്‌ലാമിക വിരുദ്ധ ആശയങ്ങൾ കേരള സമൂഹത്തെ ബോധ്യപ്പെടുത്താൻ പര്യാപ്തമായിരുന്നു.

പ്രമുഖ പത്രപ്രവർത്തകനായ കെ.പി.കുഞ്ഞിമൂസക്ക് പ്രസംഗിക്കാൻ റഫറൻസ് ആയി ഉപയോഗപ്പെടുത്താൻ തന്റെ ഗുരുവായ കെ.എൻ.ഇബ്റാഹീം മൗലവി ഈ രണ്ടു കൃതികൾ നൽകിയ കാര്യം അദ്ദേഹം പരാമർശിക്കുന്നത് ഇങ്ങനെ വായിക്കാം:

"വിമോചന സമരകാലത്ത് പ്രസംഗിക്കാൻ ഈ ശിഷ്യനെ മൗലവി സാഹിബ് പ്രേരിപ്പിച്ചത് ഇ.കെ. മൗലവിയുടെ 'ഇസ്‌ലാമും എച്ച്.ജി. വെൽസും,' 'ഇസ്‌ലാമും കമ്യൂണിസവും' എന്നീ കൃതികൾ തന്നുകൊണ്ടായിരുന്നു.[85]

ഇ.കെ.മൗലവി ഒട്ടേറെ ചരിത്ര ലേഖനങ്ങളുടെയും കൃതികളുടെയും കർത്താവാണ്. 'ഖുലാസ്വതു സീറതുന്നബവിയ്യഃ' എന്ന അദ്ദേഹത്തിന്റെ കൃതി 20ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ അറബിമലയാള ലിപിയിൽ രചിക്കപ്പെട്ട പ്രധാന നബിചരിത്ര ഗ്രന്ഥങ്ങളിലൊന്നാണ്.

കെ.എം.മൗലവി മരണപ്പെട്ടപ്പോൾ തിരൂരങ്ങാടിയിൽനിന്നും പ്രസിദ്ധീകരിക്കപ്പെട്ട കെ.എം. മൗലവി സ്മരണിക കമ്മിറ്റിയുടെ കൺവീനർ ഇ.കെ.മൗലവിയായിരുന്നു. കെ.എം.മൗലവിയെ സ്മരിച്ചുകൊണ്ട് ആ സ്മരണികയിൽ അദ്ദേഹം എഴുതിയ ഓർമക്കുറിപ്പ് കെ.എം.മൗലവിയെക്കുറിച്ച് അന്നുവരെ അറിയപ്പെടാതിരുന്ന പല വസ്തുതകളും അനാവരണം ചെയ്യുന്നുണ്ട്.

*അവലംബം:*

*85. ഇസ്ഹാഖലി കല്ലിക്കണ്ടി, ഇസ്‌ലാഹി ഭൂമികയിലൂടെ-ഭാഗം 3, പ്രകാശം ചൊരിഞ്ഞവർ, പേജ് 30.*

# സൂറതുസ്സബഅ്

(മക്കയിൽ അവതരിച്ചത്)

അധ്യായം 34

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

قُلْ إِنَّ رَبِّي يَقْذِفُ بِالْحَقِّ عَلَّامُ الْغُيُوبِ ﴿٤٨﴾
قُلْ جَاءَ الْحَقُّ وَمَا يُبْدِئُ الْبَاطِلُ وَمَا
يُعِيدُ ﴿٤٩﴾
قُلْ إِن ضَلَلْتُ فَإِنَّمَا أَضِلُّ عَلَىٰ نَفْسِي
وَإِنِ اهْتَدَيْتُ فَبِمَا يُوحِي إِلَيَّ رَبِّي ۚ إِنَّهُ
سَمِيعٌ قَرِيبٌ ﴿٥٠﴾
وَلَوْ تَرَىٰ إِذْ فَزِعُوا فَلَا فَوْتَ وَأُخِذُوا مِن
مَّكَانٍ قَرِيبٍ ﴿٥١﴾
وَقَالُوا آمَنَّا بِهِ وَأَنَّىٰ لَهُمُ التَّنَاوُشُ مِن
مَّكَانٍ بَعِيدٍ ﴿٥٢﴾
وَقَدْ كَفَرُوا بِهِ مِن قَبْلُ ۖ وَيَقْذِفُونَ
بِالْغَيْبِ مِن مَّكَانٍ بَعِيدٍ ﴿٥٣﴾
وَحِيلَ بَيْنَهُمْ وَبَيْنَ مَا يَشْتَهُونَ كَمَا
فُعِلَ بِأَشْيَاعِهِم مِّن قَبْلُ ۚ إِنَّهُمْ كَانُوا فِي
شَكٍّ مُّرِيبٍ ﴿٥٤﴾

48. തീർച്ചയായും എന്റെ രക്ഷിതാവ് സത്യത്തെ ഇട്ടുതരുന്നു. (അവൻ) അദൃശ്യകാര്യങ്ങൾ നല്ലവണ്ണം അറിയുന്നവനാകുന്നു.

49. നീ പറയുക: സത്യം വന്നുകഴിഞ്ഞു. അസത്യം (യാതൊന്നിനും) തുടക്കം കുറിക്കുകയില്ല. (യാതൊന്നും) പുനഃസ്ഥാപിക്കുകയുമില്ല.

50. നീ പറയുക: ഞാൻ പിഴച്ചുപോയിട്ടുണ്ടെങ്കിൽ ഞാൻ പിഴക്കുന്നതിന്റെ ദോഷം എനിക്കുതന്നെയാണ്. ഞാൻ നേർമാർഗം പ്രാപിച്ചുവെങ്കിലോ അത് എനിക്ക് എന്റെ രക്ഷിതാവ് ബോധനം നൽകുന്നതിന്റെ ഫലമായിട്ടാണ്. തീർച്ചയായും അവൻ കേൾക്കുന്നവനും സമീപസ്ഥനുമാകുന്നു.

51. അവർ (സത്യനിഷേധികൾ) പരിഭ്രാന്തരായിപ്പോയ സന്ദർഭം നീ കണ്ടിരുന്നെങ്കിൽ! എന്നാൽ അവർ (പിടിയിൽനിന്ന്) ഒഴിവാകുകയില്ല. അടുത്ത സ്ഥലത്തുനിന്ന് തന്നെ അവർ പിടിക്കപ്പെടും.

52. ഇതിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്നവർ പറയുകയും ചെയ്യും. വിദൂരമായ ഒരു സ്ഥലത്തുനിന്ന് അവർക്ക് എങ്ങനെയാണ് (ആ വിശ്വാസം) നേടിയെടുക്കാൻ കഴിയുക?

53. മുമ്പ് അവർ അതിൽ അവിശ്വസിച്ചതായിരുന്നു. വിദൂരസ്ഥലത്തുനിന്ന് നേരിട്ടറിയാതെ അവർ ആരോപണം ഉന്നയിക്കുകയും ചെയ്തിരുന്നു.

54. അങ്ങനെ മുമ്പ് അവരുടെ പക്ഷക്കാരെക്കൊണ്ട് ചെയ്തത് പോലെത്തന്നെ അവർക്കും അവർ ആഗ്രഹിക്കുന്ന കാര്യത്തിനുമിടയിൽ തടസ്സം സൃഷ്ടിക്കപ്പെട്ടു. തീർച്ചയായും അവർ അവിശ്വാസജനകമായ സംശയത്തിലായിരുന്നു.

(48) സത്യത്തിന്റെ സ്വീകാര്യതയ്ക്കുള്ള തെളിവും അസത്യത്തിന്റെ നിരർഥകതയും വ്യക്തമായി തെളിയിച്ചശേഷം അല്ലാഹു അറിയിക്കുന്നത് അവൻ സത്യത്തെ അസത്യത്തിനെതിരെ എറിയുന്നു എന്നാണ്. അങ്ങനെ അതിനെ തകർത്തു കളയുന്നു എന്നാണ്. മുൻ വാക്യങ്ങളിൽ അവൻ സത്യത്തെ ഉയർത്തിക്കാട്ടുകയും അതോടൊപ്പം അവിശ്വാസത്തിന്റെ നിരർഥകത ബോധ്യപ്പെടുത്തുകയും ചെയ്തു. ഇത് പഠിക്കാൻ തയ്യാറുള്ളവർക്ക് ഒരു പാഠമാണ്.

നിഷേധികളുടെ കാഴ്ചപ്പാടുകൾ പരാജയപ്പെടുന്നതും അവരുടെ നുണകളും ശാഠ്യങ്ങളും തുറന്നുകാട്ടപ്പെടുന്നതും സത്യം വിജയിക്കുകയും അസത്യം പരാജയപ്പെടുകയും ചെയ്യുന്നതും എങ്ങനെയാണെന്ന് കാണാം. കാരണം ഇതെല്ലാം പറഞ്ഞുതരുന്നത് (അദൃശ്യകാര്യങ്ങൾ നല്ലവണ്ണം അറിയുന്നവാകുന്നു). അവനറിയാം, അവരുടെ മനസ്സുകളിൽ അവർ മറച്ചുവെച്ച സംശയങ്ങളും ആശയക്കുഴപ്പങ്ങളും. അതിനെ

എതിർക്കുന്നവരുടെ തെളിവുകളും അവനറിയാം. അവൻ തന്റെ ദാസനെ പഠിപ്പിക്കുന്നു. അവർക്കത് വ്യക്തമാക്കി കൊടുക്കുകയും ചെയ്യുന്നു.

(49). അതാണ് അല്ലാഹു പറഞ്ഞത്: (പറയുക: സത്യം വന്നു) അതായത്, അത് പ്രത്യക്ഷപ്പെടുകയും പ്രഭാതം പോലെ വ്യക്തമാകുകയും അതിന്റെ അധികാരം പ്രകടമാവുകയും ചെയ്യും. (അസത്യം തുടക്കം കുറിക്കുകയോ പുനഃസ്ഥാപിക്കുകയോ ഇല്ല) അസത്യത്തിന് ഒന്നും ആരംഭിക്കാനോ പുനഃസ്ഥാപിക്കാനോ കഴിയില്ല. അതായത്, അസത്യം ഇല്ലാതായിക്കൊണ്ടിരിക്കുകയും നിരർഥകമാകുകയും അധികാരം നഷ്ടപ്പെടുകയും ചെയ്യും. അതുകൊണ്ട് അത് ഒന്നും ആരംഭിക്കുകയോ പുനഃസ്ഥാപിക്കുകയോ ചെയ്യുന്നില്ല.

(50). പ്രവാചകൻ ക്ഷണിച്ചത് സത്യമാണെന്ന് വ്യക്തമായപ്പോൾ അവിശ്വാസികൾ അദ്ദേഹത്തെ വഴിപിഴച്ചവനെന്ന് ആക്ഷേപിച്ചു. അല്ലാഹു അവർക്ക് സത്യം വ്യക്തമാക്കി കൊടുത്തു. അതിനെ നേരിടാൻ അവർ അശക്തരാണെന്നും അവരെ അറിയിച്ചു. സത്യത്തിന്റെ മേൽ വഴികേട് ആരോപിക്കുന്നതുകൊണ്ട് അതിന് യാതൊന്നും സംഭവിക്കുകയില്ല. ഇനി അദ്ദേഹം തന്നെ വഴിതെറ്റിയാലും - അതുണ്ടാകില്ല- അതിന്റെ ദോഷം അദ്ദേഹത്തിനു തന്നെ. അതായത്, അദ്ദേഹം വഴിതെറ്റുന്നതുകൊണ്ടുള്ള ദോഷം അദ്ദേഹത്തിൽ മാത്രം പരിമിതമാണ്. അത് മറ്റൊരാൾക്ക് ദോഷം വരുത്തില്ല.

(ഞാൻ നേർമാർഗം പ്രാപിച്ചുവെങ്കിലോ) അതെന്റെ കഴിവോ ശക്തിയോ അല്ല, മറിച്ച് എന്റെ സന്മാർഗം പ്രാപിക്കൽ (അത് എനിക്കെന്റെ രക്ഷിതാവ് ബോധനം നൽകുന്നതിന്റെ ഫലമായിട്ടാണ്) അതാണ് എന്റെയും മറ്റുള്ളവരുടെയും സന്മാർഗത്തിന്റെ നിമിത്തം. തീർച്ചയായും എന്റെ രക്ഷിതാവ് (കേൾക്കുന്നവനും) എല്ലാ ശബ്ദങ്ങളും വാക്കുകളും (സമീപസ്ഥനുമാകുന്നു) അവനോട് പ്രാർഥിക്കുകയും അവനെ ആരാധിക്കുകയും ചെയ്യുന്നവർക്ക്.

(51). അല്ലാഹു പറയുന്നു: (നീ കണ്ടിരുന്നുവെങ്കിൽ) ഓ, പ്രവാചകരേ, താങ്കളോ താങ്കളുടെ ദൗത്യം നിർവഹിക്കുന്നവരോ ഈ നിഷേധികളുടെ അവസ്ഥ കണ്ടാൽ. (അവർ പരിഭ്രാന്തരായിപ്പോയ സന്ദർഭം) ശിക്ഷയും ദൂതന്മാർ അവരോട് അറിയിച്ചതും കണ്ടപ്പോൾ. പക്ഷേ, അവർ അതിനെ നിഷേധിച്ചിരുന്നു. അപ്പോൾ നിങ്ങൾ ആ ഭീകരമായ രംഗം കാണും. ഭയാനകമായ രംഗം. തീവ്രമായ ദുരിതത്തിന്റെ ഭയാനകമായ ഒരു കാഴ്ച. അന്ന് ശിക്ഷ അവരുടെമേൽ വരുമ്പോൾ അവർക്ക് ഒളിച്ചോടാനോ രക്ഷപ്പെടാനോ ഒരിടവുമുണ്ടായില്ല. (അടുത്ത സ്ഥലത്തുനിന്നുതന്നെ അവർ പിടിക്കപ്പെട്ടു) ശിക്ഷയുടെ സ്ഥലത്തിന് അടുത്താണവർ ഉള്ളത്. അവിടുന്നവർ പിടിക്കപ്പെടും. എന്നിട്ട് നരകത്തിലേക്ക് എറിയപ്പെടും.

(54). (അവർ പറയും:) ആ സമയത്ത് അവർ പറയും: 'ഇപ്പോൾ ഞങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നു. ഞങ്ങൾ കളവാക്കിയതെല്ലാം ഞങ്ങൾ സത്യപ്പെടുത്തുന്നു.' പക്ഷേ, എവിടെനിന്നാണ് (അവർക്ക് നേടിയെടുക്കാൻ കഴിയുക?) വിശ്വാസം സ്വീകരിക്കാൻ കഴിയുക. (വിദൂരമായ ഒരു സ്ഥലത്തുനിന്ന്) അവർക്കിടയിൽ മറയിടപ്പെട്ടു. ഈ സമയത്ത് അത് അസാധ്യമായ കാര്യമാണ്.

(53). അത് സാധ്യമായ സമയത്ത് അവർ വിശ്വസിച്ചിരുന്നുവെങ്കിൽ അവരുടെ വിശ്വാസം അംഗീകരിക്കപ്പെടുമായിരുന്നു. പക്ഷേ, അവർ (മുമ്പ് അവർ അതിൽ അവിശ്വസിച്ചതായിരുന്നു. അവർ ആരോപണം ഉന്നയിക്കുകയും ചെയ്തിരുന്നു) ആക്ഷേപം. (വിദൂര സ്ഥലത്തുനിന്ന് നേരിട്ടറിയാതെ) സത്യത്തെ തകർക്കാൻ അവർ അസത്യം കൊണ്ട് അതിനെ എറിഞ്ഞു. പക്ഷേ, അവർക്കത് തകർക്കാനാവില്ല; ദൂരെ നിന്നെറിയുന്ന ഒരാൾക്ക് ലക്ഷ്യത്തിൽ എത്തിക്കാൻ കഴിയാത്തപോലെ. അതുപോലെ തന്നെ അസത്യത്തിന് സത്യത്തെ അതിജയിക്കാനാവില്ല. സത്യത്തിന്റെ ആളുകൾ അശ്രദ്ധയിൽ ആയിരിക്കുമ്പോൾ അസത്യത്തിന് അൽപസമയത്തേക്ക് മുൻതൂക്കം ലഭിച്ചേക്കാം. എന്നാൽ സത്യത്തിന്റെ ആളുകൾ ശ്രദ്ധയോടെ അസത്യത്തെ ചെറുക്കുമ്പോൾ അത് തകർക്കപ്പെടും.

(54). അവർക്കും അവർ ആഗ്രഹിക്കുന്ന കാര്യത്തിനുമിടയിൽ തടസ്സം സൃഷ്ടിക്കപ്പെടും) അതായത്, ശാരീരിക സുഖങ്ങൾ, സന്താനങ്ങൾ, സമ്പത്ത്, സേവകർ, സൈന്യം തുടങ്ങിയവയെല്ലാം നഷ്ടപ്പെടും. അവരും അവരുടെ കർമങ്ങളും മാത്രം. അവർ ഒറ്റക്ക് വരും. അവർക്ക് ഇഹലോകത്ത് ലഭിച്ച സുഖങ്ങളെല്ലാം അവർ ഉപേക്ഷിക്കും. (അങ്ങനെ മുമ്പ് അവരുടെ പക്ഷക്കാരെ കൊണ്ട് ചെയ്തതുപോലെ തന്നെ) മുൻസമുദായങ്ങളെ. അവർക്ക് നാശം വന്നപ്പോൾ അവരുടെ മോഹങ്ങളെല്ലാം തടയപ്പെട്ടു. (തീർച്ചയായും അവർ അവിശ്വാസജനകമായ സംശയത്തിലായിരുന്നു) അത് സംശയവും അസ്വസ്ഥയും ഉണ്ടാക്കി. അതിനാൽ അവർ വിശ്വസിച്ചില്ല. അവർ തിരുത്താൻ ശ്രമിച്ചാൽ ഇനി അനുവദിക്കില്ല.

സൂറതുസ്സബഇന്റെ വ്യാഖ്യാനം അവസാനിക്കുന്നു. എല്ലാ സ്തുതിയും നന്ദിയും അല്ലാഹുവിന്. അവനിൽനിന്നാണ് സഹായം. അവനിലേക്കാണ് ഭരമേൽപിക്കുന്നത്. ■

വി.വി. ബഷീർ വടകര
: 81569 12979




# വിജയത്തിന്റെ വഴി

അറിയുക, അറിയുക കുട്ടികളേ,
ഇസ്‌ലാം നമ്മുടെ മതമാണ്.
അതിന്റെ വേരും കായും പൂവും
വിശ്വാസത്തിൻ ബലമാണ്.

അനന്തമാകും ആകാശത്തിലെ
നക്ഷത്രത്തിൻ മതമിസ്‌ലാം.
അങ്ങകലത്തിൽ ജ്വലിച്ചു നിൽക്കും
സൂര്യന്റെയും മതമിസ്‌ലാം.

സ്രഷ്ടാവാകും അല്ലാഹു
മാനവർക്കേകിയ മതമിസ്‌ലാം.
ഇഹലോകത്തും പരലോകത്തും
വിജയിക്കാനായുള്ള മതം.

ആരാധനകൾ അല്ലാഹുവിന്
മാത്രം അർപ്പിക്കേണം നാം,
സൽകർമങ്ങൾ ചെയ്യേണം,
നല്ലതു മാത്രം പറയേണം.

ഈ ദുനിയാവിൽ വിരുന്നുകാരായ്
വന്നവരാണല്ലോ നമ്മൾ.
ഒരുനാൾ നമ്മൾ മടങ്ങിടേണം
ഒഴിവില്ലല്ലോ അതിലാർക്കും.

റബ്ബൊരുവന്ന് കീഴ്പെട്ട്
ഇഹലോകത്തിൽ ജീവിച്ചാൽ
പരലോകത്ത് സ്വർഗത്തിൽ
ഇടം ലഭിക്കും നമ്മൾക്ക്.



മൂസ സ്വലാഹി കാര
: 97473 45768

ബുദ്ധികൊണ്ടും അറിവുകൊണ്ടും വളരെ യൊന്നും അനുഗ്രഹിക്കപ്പെട്ടിട്ടില്ലാത്ത ചിലയാളുകൾ കണ്ണേറ് നിഷേധിക്കുന്നു ണ്ട്. അത് യാഥാർത്ഥ്യമല്ല, വെറും ഊഹാ പോഹമാണെന്നാണ് അവർ പറയുന്നത്. ബുദ്ധിയും അനുഭവജ്ഞാനവും മതപ രമായ അറിവും കുറഞ്ഞ മൂഢന്മാരും മൂഢധാരണകളുടെ കട്ടിയേറിയ മറയ്ക്ക കത്ത് കഴിയുന്നവരും അതേസമയം തൊലിക്കട്ടി കൂടിയവരുമാണവർ. മനസ്സി നെയോ ആത്മാവിനെയോ സംബന്ധിച്ചോ അവയുടെ ഗുണങ്ങളെയോ പ്രവർത്തന ങ്ങളെയോ പ്രതിഫലങ്ങളെയോ സംബ ന്ധിച്ചോ വിദൂര ജ്ഞാനമേ അവർക്കുള്ളൂ. ജാതി-മത ഭേദമന്യേ ഒരു സമുദായത്തിലെ യും ബുദ്ധിമാന്മാർ കണ്ണേറ് നിഷേധിക്കു കയോ തള്ളുകയോ ചെയ്യുന്നവരല്ല. കണ്ണേ റിന്റെ കാരണത്തെപ്പറ്റി അവർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടായിരിക്കാമെന്ന് മാത്രം



അസൂയാലുവിന്റെ നോട്ടം നിമിത്തം ഉണ്ടാകാനിടയുള്ള കണ്ണേറിനെപ്പറ്റി പ്രമാണങ്ങൾ ധാരാളം പറഞ്ഞിട്ടുണ്ട്. അല്ലാഹു പറയുന്നു: “അസൂയാലു അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽനിന്നും” (113:5).

കണ്ണേറ് സത്യമാണെന്ന് നബി(സ്വ) ഉറപ്പിച്ചു പറഞ്ഞിട്ടും മർക്കസുദ്ദഅ്‌വക്കാർ അതിനെ പരിഹസിക്കുന്നത് നോക്കൂ: “നിർമ്മാണത്തിലിരിക്കുന്ന ഒരു കെട്ടിടത്തിന്നു നേരെ ഒരു വ്യക്തി നോക്കുകയോ നല്ലവണ്ണം കായ്ച്ചു നിൽക്കുന്ന ഒരു തെങ്ങിലേക്ക് നോക്കി വല്ലതും പറയുകയോ ചെയ്താൽ കെട്ടിടം കണ്ണേറിനാൽ നിലം പതിക്കുന്നു. നാക്കിന്റ പിരാക്കിനാൽ തെങ്ങ് പെട്ടെന്ന് ഉണങ്ങുന്നു. ഇതാണ് കണ്ണേറിലും പിരാക്കിലും സംഭവിക്കുന്നത് എന്നാണ് അന്ധവിശ്വാസികളുടെ




# ആദർശം;
# പുതിയ വ്യാഖ്യാനവും പഴയ നിലപാടുകളും

ധാരണ. എന്നാൽ അല്ലാഹുവും റസൂലും പഠിപ്പിക്കുന്നത് അവന്റെ അനുഗ്രഹം തകർക്കാൻ ഒരു കണ്ണേറിനോ പിരാക്കിനോ സാധ്യമല്ല എന്നാണ്'' (അത്തൗഹീദ്, പേജ് 46).

സിഹ്റിന് പ്രതിഫലനമുണ്ടെന്നും എന്നാൽ അല്ലാഹുവിന്റെ അനുമതിയോടെയേ അത് സംഭവിക്കൂ എന്നും ക്വുർആൻ പ്രഖ്യാപിച്ച കാര്യം കഴിഞ്ഞ ലക്കത്തിൽ നാം വായിച്ചു. കണ്ണേറിന്റെ കാര്യവും അങ്ങനെ തന്നെയാണ്.

മുജാഹിദ് പ്രസ്ഥാനത്തിന്റെ പിന്തുടർച്ച അവകാശപ്പെടുകയും അത് തെളിയിക്കാനായി കിണഞ്ഞു പരിശ്രമിക്കുകയും ചെയ്യുന്ന ഇവർക്ക് അതിന് യാതൊരു അവകാശവുമില്ലെന്ന് നാം മനസ്സിലാക്കണം. ഏതാനും തെളിവുകൾ കാണുമ്പോൾ അത് ബോധ്യമാകും:

കെ.എം മൗലവി(റഹി) അവതാരിക എഴുതിയ അമാനി മൗലവിയുടെ തഫ്സീറിൽ സൂറഃ യൂസുഫിലെ 67ാം വചനത്തിന്റെ വിശദീകരണത്തിൽ കൊടുത്തത് കാണുക: "സൗന്ദര്യവും പ്രഭാവവും മുറ്റി നിൽക്കുന്ന ഒരു സംഘം ആളുകൾ, അതും ഒരേ പിതാവിന്റെ മക്കൾ ഒരേ വഴിക്ക് പ്രവേശിക്കുമ്പോൾ അത് കണ്ണേറ്(കരിങ്കണ്ണ്) ബാധിക്കുവാൻ കാരണമായേക്കും. അതിൽനിന്ന് ഒഴിവാകുവാൻ വേണ്ടിയായിരുന്നു അത്. ഇബ്നു അബ്ബാസ്, മുഹമ്മദുബ്നു കഅ്ബ്, മുജാഹിദ്, ളഹ്ഹാക്ക്, ക്വതാദ, സുദ്ദീ(റഹി) മുതലായവരിൽനിന്ന് ഇത് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ സ്വീകരിച്ചു കാണുന്നത് ഇതാകുന്നു. (കണ്ണേറിനെ ഭയന്നാണ് യഅ്ക്വൂബ് നബി(അ) അങ്ങനെ പറഞ്ഞതെന്നുള്ളതിന് തെളിവു കാണുന്നില്ലെങ്കിലും കണ്ണേറ് സ്ഥാപിക്കുന്ന ബലപ്പെട്ട ഹദീസുകൾ കാണാവുന്നതാണ്)'' (വാല്യം 4/ പേജ് 2299, 2300).

'അൽ ആദാബുൽ ഇസ്‌ലാമിയ്യ' എന്ന പേരിൽ അമാനി മൗലവി എഴുതിയതും അദ്ദേഹത്തിന്റെ മരണ ശേഷം മക്കളുടെ അനുമതിയോടെ 'ഇസ്‌ലാമിക ജീവിതം' എന്ന പേരിൽ 'അൽഹുദ' പ്രസിദ്ധീകരിച്ചതുമായ ഗ്രന്ഥത്തിൽനിന്ന് വായിക്കാം:

ബുദ്ധികൊണ്ടും അറിവുകൊണ്ടും വളരെയൊന്നും അനുഗ്രഹിക്കപ്പെട്ടിട്ടില്ലാത്ത ചിലയാളുകൾ കണ്ണേറ് നിഷേധിക്കുന്നുണ്ട്. അത് യാഥാർത്ഥ്യമല്ല, വെറും ഊഹാപോഹമാണെന്നാണ് അവർ പറയുന്നത്. ബുദ്ധിയും അനുഭവജ്ഞാനവും മതപരമായ അറിവും കുറഞ്ഞ മൂഢന്മാരും മൂഢധാരണകളുടെ കട്ടിയേറിയ മറയ്ക്കകത്ത് കഴിയുന്നവരും അതേസമയം തൊലിക്കട്ടി കൂടിയവരുമാണവർ. മനസ്സിനെയോ ആത്മാവിനെയോ

പ്രമാണങ്ങളെ നിഷേധിച്ചുകൊണ്ട് നടക്കുന്ന മർക്കസുദ്ദഅ്‌വക്കാർക്ക് സിഡിടവർ വിഭാഗം കെഎൻഎം നേതൃത്വം 2010ത്തോടെ സ്വാഗതമരുളാൻ തുടങ്ങി. തൗഹീദിന്റെ മാർഗത്തിൽ അടിയുറച്ചു നിൽക്കുന്നവരെ ശിർക്കിന്റെ പ്രചാരകരാക്കി മുദ്രകുത്താൻ ധാർഷ്ട്യം കാണിച്ച ഇക്കൂട്ടരും പ്രമാണ നിഷേധത്തിലും പരിഹാസത്തിലും തന്നെയാണ് ചെന്നു ചാടിയിരിക്കുന്നത്.

സംബന്ധിച്ചോ അവയുടെ ഗുണങ്ങളെയോ പ്രവർത്തനങ്ങളെയോ പ്രതിഫലങ്ങളെയോ സംബന്ധിച്ചോ വിദൂര ജ്ഞാനമേ അവർക്കുള്ളൂ. ജാതി-മത ഭേദമന്യേ ഒരു സമുദായത്തിലെയും ബുദ്ധിമാന്മാർ കണ്ണേറ് നിഷേധിക്കുകയോ തള്ളുകയോ ചെയ്യുന്നവരല്ല. കണ്ണേറിന്റെ കാരണത്തെപ്പറ്റി അവർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടായിരിക്കാമെന്ന് മാത്രം" (പേജ് 458,459).

ഉമർ മൗലവി(റഹി) സൂറഃ യൂസുഫിലെ 67ാം വചനത്തിന്റെ വിവരണത്തിൽ പറയുന്നു: "പട്ടണത്തിന്റെ ഉള്ളിലേക്ക്-അഥവാ രാജകൊട്ടാരത്തിലേക്ക്-നിങ്ങൾ കടക്കുന്നത് എല്ലാവരും കൂടി ഒരുമിച്ച് ഒരു വാതിലിൽ കൂടി ആവരുത്. പലേ വാതിലുകളിൽ കൂടി ആകണം. ആദ്യത്തെ തവണ ഇവർക്ക് അസാധാരണ സൽക്കാരവും സ്വീകരണവും സംഭാവനയും കിട്ടിയിട്ടുള്ളതുകൊണ്ട് ഇവർ കൂട്ടമായി ഇങ്ങനെ ചെല്ലുന്നത് കണ്ടിട്ട് ചിലർക്ക് അസൂയ തോന്നുകയും അനഭിലഷണീയമായ വല്ലതും ഉണ്ടാകുകയും ചെയ്തേക്കാമെന്നുള്ളതുകൊണ്ടായിരിക്കണം ഇപ്രകാരം കൽപിച്ചത്. എല്ലാം അല്ലാഹുവാണ് സൂക്ഷ്മമായി അറിയുന്നവൻ. എന്തായാലും സംഭവിക്കേണ്ടത് സംഭവിക്കും" (തർജുമാനുൽ ഖുർആൻ, വാല്യം 2, പേജ് 843).

മർകസുദ്ദഅ്‌വക്കാരുടെ കണ്ണിൽ ഈ പണ്ഡിതന്മാരെല്ലാം അന്ധവിശ്വാസികളും പുത്തൻവാദികളു മാണ്!

## ഇസ്‌ലാമിലെ മന്ത്രവും സമൂഹത്തിലെ മന്ത്രവാദവും

രോഗശമനത്തിന് ചികിത്സ തേടാൻ നിർദേശിച്ച ഇസ്‌ലാം ക്വുർആൻ ഓതിയും അല്ലാഹുവിന്റെ നാമങ്ങൾ, വ്യത്യസ്തങ്ങളായ പ്രാർഥനകൾ, ദിക്‌റുകൾ എന്നിവകൊണ്ട് മന്ത്രിക്കാനും കൽപിച്ചിട്ടുണ്ട്. ചില വ്യക്തികളെയും വസ്തുക്കളെയും മഹത്ത്വവത്ക്കരിച്ച് അവയ്ക്കെല്ലാം അസുഖം മാറ്റിത്തരാൻ കഴിവുണ്ടെന്ന നിലയ്ക്ക് നടത്തപ്പെടുന്ന മന്ത്രവാദ പ്രവണതകൾക്ക് മതവുമായി യാതൊരു ബന്ധവുമില്ല. എന്നാൽ മതം പറഞ്ഞ മന്ത്രത്തെ മർക്കസുദ്ദഅ്‌വക്കാർ കളിയാക്കുന്നത് കാണുക: "എല്ലാ രോഗവും ഉണ്ടാക്കുന്നത് പിശാചാണെന്നു പറഞ്ഞുകൊണ്ട് ആളുകളെ അന്ധവിശ്വാസികളാക്കുകയാണ് ചില ആളുകൾ. മന്ത്രം നടത്താനുള്ള കേന്ദ്രങ്ങൾ സ്ഥാപിച്ച് കാശുണ്ടാക്കുന്ന ഏർപ്പാടിലാണിവർ" (അത്തൗഹീദ്, പേജ് 42).

## മുജാഹിദ് പണ്ഡിതന്മാർ പറഞ്ഞതെന്ത്?

കെ.എം മൗലവി(റഹ്) ഈ വിഷയകമായി പറഞ്ഞത് വായിക്കാം: "എന്നാൽ ക്വുർആനിലെ ആയത്തുകൾ, അല്ലാഹുവിന്റെ നാമങ്ങൾ, ഗുണങ്ങൾ, നബി(സ)യിൽ നിന്ന് ലഭിച്ചിട്ടുള്ള പ്രാർഥനകൾ എന്നിവയെക്കൊണ്ട് മേൽ പറഞ്ഞ അവസരങ്ങളിൽ മാരണമോ പിശാച് ബാധയോ ഏറ്റിട്ടുണ്ടെന്ന് വിചാരിക്കപ്പെടുന്ന അവസരങ്ങളിൽ ചികിത്സ നടത്തുന്നതുകൊണ്ടു ദോഷമില്ല" (കെ.എം മൗലവി ഫത്‌വകൾ, പേജ് 18).

എം.സി.സി അബ്ദുറഹ്മാൻ മൗലവി പറഞ്ഞത് വായിക്കാം: "മരുന്നുകൾക്ക് പുറമെ രോഗശമനത്തിന് കാരണമായി ചില മന്ത്രങ്ങളെയും നബി തിരുമേനി(സ്വ) പഠിപ്പിച്ച് തന്നിട്ടുണ്ട്. ആ മന്ത്രങ്ങൾ ഉപയോഗിക്കുന്നത് രോഗശമന ഹേതുവായി ഗണിക്കാവുന്നതാണ്. ആ മന്ത്രങ്ങൾക്ക് പുറമെ മറ്റു വല്ല മന്ത്രവും മൂലം രോഗം മാറിയതായി അനുഭവം തെളിയിച്ചാൽ തന്നെയും ആ മന്ത്രങ്ങൾ നിരുപാധികമായി ഉപയോഗിക്കുവാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. അതിൽ ശിർക്കുപരമായ വല്ല വാചകവും -അതായത് അല്ലാത്തവരോട് അപേക്ഷിക്കുക അല്ലാഹുവല്ലാത്തവരെക്കൊണ്ടു സഹായം തേടുക പോലെയുള്ള വല്ല വാക്കും-അതിലുണ്ടോ എന്നു പരിശോധിച്ചു നോക്കേണ്ടതും ശിർക്കുപരമായ യാതൊന്നുമില്ലെങ്കിൽ മാത്രം ഉപയോഗിക്കാവുന്നതുമാണെന്നാകുന്നു ഇസ്‌ലാം മതം പഠിപ്പിച്ചിട്ടുള്ളത്" (പരപ്പനങ്ങാടി വാദപ്രതിവാദം, പേജ് 45).

അമാനി മൗലവി(റഹ്) ആർക്കും തിരിയുംവിധം വ്യക്തമാക്കിത്തന്നത് നോക്കൂ: "മന്ത്രത്തോടും അതുപോലുള്ള ചികിത്സയോടും മിക്കവാറും രണ്ട് തരത്തിലുള്ള സമീപനമാണ് ആളുകൾക്കുള്ളത്. ഒന്ന് തീരെ അവിശ്വസിക്കുക. ഖുർആൻ കൊണ്ടുള്ള മന്ത്രമോ മാമൂൽ മന്ത്രമോ ഏതായാലും ഈ സമീപനക്കാർക്ക് അതിൽ വിശ്വാസമുണ്ടായില്ല. മാത്രമല്ല അവർക്കതിനോടൊക്കെ പുച്ഛമായിരിക്കും. ഏത് മന്ത്രവാദിയുടെയും പിന്നാലെ പോകുന്നവരാണ് രണ്ടാം തരക്കാർ. ഒന്നാം വിഭാഗക്കാർ പരിഷ്ക്കാരത്തിന്റെ പേരിലാണ് അവരുടെ സമീപനം സ്വീകരിക്കുന്നതെങ്കിൽ രണ്ടാം തരക്കാർ അജ്ഞതയും അന്ധവിശ്വാസവും കാരണം വഞ്ചിക്കപ്പെടുകയാണ് ചെയ്യുന്നത്. സത്യവിശ്വാസിയായ ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം കരണീയമായിട്ടുള്ളത് രോഗം വന്നാൽ മരുന്നുപയോഗിച്ച് ചികിത്സിക്കുകയും അതോടൊപ്പം ഹദീസുകളിൽ വന്ന ദിക്റുകളും ദുആകളും മുഖേന ആത്മീയ ശാന്തി നേടുകയാണ്" (ഇസ്‌ലാമിക ജീവിതം, പേജ് 455).

ഉമർ മൗലവി(റഹ്)യുടെ നിലപാട് കൂടി ശ്രദ്ധിക്കാം: "മന്ത്രങ്ങൾ അനുവദനീയമാകണമെങ്കിൽ മൂന്ന് നിബന്ധനകൾ യോജിച്ച് വരണമെന്ന് പണ്ഡിതന്മാർ വ്യക്തമാക്കുന്നു: 1. അല്ലാഹുവിന്റെ വാക്യമോ (ഖുർആൻ ആയത്തോ) അവന്റെ നാമങ്ങളോ ഗുണവിശേഷങ്ങളോ കൊണ്ടായിരിക്കണം. 2. അറബി ഭാഷയിലോ അർഥം അറിയുന്ന മറ്റു ഭാഷയിലോ ആയിരിക്കണം. 3.ഫലം ചെയ്യാൻ സ്വന്തം കഴിവില്ല, അല്ലാഹു മാത്രമാണ് ഫലം തരുന്നവൻ എന്ന അടിയുറച്ച വിശ്വാസം ഉണ്ടായിരിക്കണം" (തർജുമാനുൽ ഖുർആൻ, വാല്യം 6, പേജ് 2205, 2206).

ശിർക്കിനും കുഫ്റിനും ഫലമുണ്ടാകുമോ എന്ന് ചോദിച്ചും ചില എഴുത്തുകളിൽ മനഃപൂർവം ഈ നിഷേധം ചേർത്തത് എടുത്തുകാട്ടിയും ഈ വിഷയങ്ങളിൽ അണികളെ കൂടുതൽ അപകടത്തിലേക്ക് ഉന്തിയിടാൻ ശ്രമിക്കുന്ന ഇവർ ഈ പണ്ഡിതന്മാരെയെല്ലാം ശിർക്കിലും കുഫ്റിലും പെടുത്തുമോ? പ്രമാണങ്ങളിൽ വന്നത് ഇവർക്ക് തിരിയുന്നില്ലെങ്കിൽ അവ മുന്നിൽ വെച്ച് നടത്തപ്പെട്ട ചർച്ചകളെങ്കിലും ആത്മാർഥമായി ഇവർക്കൊന്ന് വായിച്ചുകൂടേ? ഉമർ മൗലവി(റഹ്)യുടെ ഈ വാക്കുകൾ കൂടി ശ്രദ്ധിക്കൂ:



"സിഹ്റും മന്ത്രവാദവും വഴി പല തരത്തിലുള്ള പൈശാചിക ഉപദ്രവങ്ങളും ഉണ്ടാകും. മന്ത്രം, ഉറുക്ക്, ഹോമം, ജ്യോത്സ്യം, മുട്ടറുക്കൽ, മാരണം, ഇസ്മിന്റെ പണി, ത്വൽസമാത്ത് തുടങ്ങിയ പല പേരുകളിലാണിത് അറിയപ്പെടുന്നത്. നഷ്ടപ്പെട്ട വസ്തു കിട്ടാൻ, രോഗം സുഖമാകാൻ, ഭാഗ്യം കിട്ടാൻ, നിർഭാഗ്യം ഒഴിവാക്കാൻ, ആപത്ത് തടുക്കാൻ, തമ്മിൽ പിണക്കമുണ്ടാക്കാൻ, ബന്ധം അകറ്റാൻ... ഇങ്ങനെ വിവിധങ്ങളായ ഉദ്ദേശ്യങ്ങൾക്കാണ് ആളുകൾ ആഭിചാര(സാഹിർ)ക്കാരെ സമീപിക്കുന്നത്. ചില മാപ്പിള സാഹിറുകൾ അറബിയിൽ പലതും എഴുതും. ചില ഖുർആൻ ആയത്തുകളോ ദിക്റുകളോ അസ്ഹാബുൽ കഅ്ഫിന്റെ പേരുകളോ ഒക്കെ കൂട്ടിക്കലർത്തും. പാത്രത്തിലെഴുതി കുടിപ്പിക്കുക, എഴുതി ഉറുക്കോ മറ്റോ ആക്കി കെട്ടുക, കുപ്പിയിലിട്ട് കുഴിച്ചിടുകയോ കെട്ടിത്തൂക്കുകയോ ചെയ്യുക ഇങ്ങനെ പല വേലകളും അവർ ചെയ്യും. പിശാച് സേവയും പൂജയും ഇതിൽ അനിവാര്യമാണ്. വൻ പാപങ്ങളിൽപെട്ടതാണ് സിഹ്റ് എന്നതിന് പുറമെ പിശാചുപൂജയുള്ളത് കൊണ്ട് കുഫ്റുമാണ്'' (തർജുമാനുൽ ഖുർആൻ, വാല്യം 6, പേജ് 2205).

തൗഹീദും ശിർക്കും വേർതിരിച്ച് തരുന്ന വിഷയങ്ങളോട് നിഷേധമനോഭാവം കൊണ്ടുനടക്കുന്നർക്ക് മുജാഹിദ് പ്രസ്ഥാനത്തിന്റെ എന്ത് ആദർശ പാരമ്പര്യമാണുള്ളത്? എങ്ങനെ പ്രമാണങ്ങൾക്കൊപ്പം എന്ന നിലപാട് അവകാശപ്പെടാനാകും? സത്യത്തിനെതിരായി നിൽക്കുന്നവരെപ്പറ്റി ക്വുർആൻ നൽകിയ മുന്നറിയിപ്പിനെ ഇവർ ഭയക്കട്ടെ. അല്ലാഹു പറയുന്നു: "ആ പിശാച് കുത്തിച്ചെലുത്തുന്ന കാര്യത്തെ ഹൃദയങ്ങളിൽ രോഗമുള്ളവർക്കും ഹൃദയങ്ങൾ കടുത്തുപോയവർക്കും ഒരു പരീക്ഷണമാക്കിത്തീർക്കുവാൻ വേണ്ടിയത്രെ അത്. തീർച്ചയായും അക്രമികൾ (സത്യത്തിൽ നിന്ന്) വിദൂരമായ കക്ഷിമാത്സര്യത്തിലാകുന്നു" (22:53).

**ഐക്യത്തിലെ അനൈക്യം**

പ്രമാണങ്ങളെ നിഷേധിച്ചുകൊണ്ട് നടക്കുന്ന മർക്കസുദ്ദഅ്‌വക്കാർക്ക് സിഡി ടവർ വിഭാഗം കെഎൻഎം നേതൃത്വം 2010ത്തോടെ സ്വാഗതമരുളാൻ തുടങ്ങി. തൗഹീദിന്റെ മാർഗത്തിൽ അടിയുറച്ചു നിൽക്കുന്നവരെ ശിർക്കിന്റെ പ്രചാരകരാക്കി മുദ്രകുത്താൻ ധാർഷ്ട്യം കാണിച്ച ഇക്കൂട്ടരും പ്രമാണ നിഷേധത്തിലും പരിഹാസത്തിലും തന്നെയാണ് ചെന്നു ചാടിയിരിക്കുന്നത്. കെ.എൻ.എം മുഖപത്രമായ അൽമനാറിൽ വന്നത് കാണുക:

"മനുഷ്യജീവിതത്തിലെ എല്ലാ വിഷമങ്ങളും രോഗങ്ങളും സിഹ്‌റ് ബാധയും കണ്ണേറും ജിന്ന് ബാധയുമായി ചിത്രീകരിച്ച് കാടൻ ചികിത്സ വിധിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന മന്ത്രവാദികളും മാരണക്കാരും മതബോധവും സംസ്‌കാരവുമുള്ള ഒരു സമൂഹത്തിന് ശല്യമാണ്" (2013 മെയ്, പേജ് 7).

ആത്മീയ ചൂഷണങ്ങൾക്കെതിരെ തൗഹീദി മുന്നേറ്റം എന്ന പേരിൽ 2023 ജനുവരി-ഏപ്രിൽ കാലയളവിൽ ഇവർ നടത്തിയ കാമ്പയ്ൻ ലഘുലേഖയിൽ എഴുതിയത് കാണുക:

"തൗഹീദി ആദർശത്തിൽ വളർന്നവരെ പോലും ചൂഷണം ചെയ്യുകയാണ് ചിലർ. ഖുർആൻ തെറാപ്പിയുടെ പേരിൽ, റുഖ്‌യ ശറഇയ്യയുടെ മറവിൽ അവർ ഇരകളെ തെരയുകയാണ്. തൗഹീദിന് വേണ്ടി സ്ഥാപിച്ച പള്ളികൾ ജിന്ന് ചികിത്സാകേന്ദ്രങ്ങളാക്കി മാറ്റാൻ ആഗ്രഹിച്ചവരാണവർ. അടി ചികിത്സ നടത്താൻ തെളിവുകൾ ഉണ്ടാക്കിയവരാണവർ."

അപകടകരമായ ഈ രോഗം എവിടെനിന്നോ ഇക്കൂട്ടരെ ബാധിച്ചതല്ല, മറിച്ച് 2000ത്തിൽ വ്യതിചലിച്ച വരിൽനിന്ന് പടർന്നതാണ്. മർക്കസുദ്ദഅ്‌വക്കാർ പറഞ്ഞത് നോക്കൂ:


"ജിന്നുകൂടിയവരെ അടിച്ചിറക്കി അവർ മാതൃക കാണിക്കുകകൂടി ചെയ്യുന്നു. സാധാരണമായി നടത്തേണ്ട പ്രാർഥനകൾ റുഖിയ്യ ശറഇയ്യ എന്ന പേരിട്ട് നിഗൂഢത വരുത്തി ഖുർആൻ തെറാപ്പിയും ക്ലിനിക്കുകളും നടത്തി തുടങ്ങിയിരിക്കുന്നു" (വിശ്വാസ വിശുദ്ധി, ലഘുലേഖ MC02/'13/ പേജ് 8).

ഇത്തരം നുണ പ്രചാരണങ്ങളിൽ ഇരുവരും വാശിയോടെ മത്സരിക്കുകയാണ്. അണികളെ ചിരിപ്പിക്കാനും പുരോഹിതന്മാർക്ക് വിമർശിക്കാനുള്ള അവസരം തുറന്നുകൊടുക്കാനും കഴിയുന്നു എന്നതല്ലാതെ ഇവർക്ക് ഇതുകൊണ്ടുള്ള ലാഭമെന്താണ്?

2016ലെ ഐക്യത്തോടെ സിഹ്‌റിന് ഫലമുണ്ടാകുമോ ഇല്ലയോ എന്ന കാര്യത്തിലെ തലതിരിഞ്ഞ തീരുമാനം കൂടി വായിക്കാം: "മാരണം, കൂടോത്രം എന്നീ അർഥത്തിലുള്ള സിഹ്‌റ് സംബന്ധമായി വ്യത്യസ്ത വീക്ഷണങ്ങൾ നേരത്തെയുള്ളതിനാൽ ആ വീക്ഷണങ്ങൾ അതേപോലെ നിലനിർത്താം. (ഉദാ: മർക്കസുദ്ദഅ്‌വ വിഭാഗം മാരണത്തിന് ഹഖീഖത്തും തഅ്‌സീറും ഇല്ല എന്നും മാരണം കൊണ്ട് ഒരു ചുക്കും ആർക്കും ആരെയും ചെയ്യാൻ കഴിയില്ല എന്നും ആദർശമായി സ്വീകരിക്കുകയും അക്കാര്യം കോഴിക്കോട് മുതലക്കുളം മൈതാനിയിൽ ലോകത്തുള്ള മുഴുവൻ മാരണക്കാരെയും വെല്ലുവിളിച്ച് വ്യക്തമാക്കിയതുമാണ്). സിഹ്‌റ് വിഷയത്തിൽ മർക്കസുദ്ദഅ്‌വ വിഭാഗത്തിന് ഈ ആദർശം നിലനിർത്താമെന്നാണ് ഐക്യ കരാറിന്റെ വ്യക്തമായ പൊരുൾ" (വെളിച്ചം സമ്മേളന സുവനീർ 2024, പേജ് 127).

ഇപ്രകാരം ഒന്നിച്ചതിലെ അസ്വസ്ഥത കാരണമാണല്ലോ ഐക്യം ഉടഞ്ഞത്. ആദർശത്തെ പ്രധാനമായി കാണുന്ന ആരെങ്കിലും ഇതിന് മുതിരുമോ? ■

വിവ. അബ്ദുൽ ജബ്ബാർ മദീനി



# രണ്ടു നമസ്കാരങ്ങൾ ജംആക്കൽ

**മതവിധി**

നമസ്കാരം ക്വസ്റാക്കപ്പെടുന്ന യാത്രയിൽ ദ്വുഹ്റും അസ്വ്റും തമ്മിൽ അവയിൽ ഒന്നിന്റെ സമയത്തും മഗ്രിബും ഇശായും തമ്മിൽ അവയിൽ ഒന്നിന്റെ സമയത്തും ജംആക്കൽ (ഒരുമിച്ചു നമസ്കരിക്കൽ) അനുവദനീയമാകുന്നു. മുആദി(റ)ൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്:

“നബി(സ്വ) തബൂക് യുദ്ധത്തിൽ സൂര്യൻ മധ്യത്തിൽനിന്ന് തെറ്റുന്നതിനു മുമ്പാണ് യാത്രയാകുന്നതെങ്കിൽ ദ്വുഹ്റിനെ പിന്തിപ്പിക്കുകയും അസ്വ്റിലേക്കതിനെ ചേർക്കുകയും അവ ഒന്നിച്ചുനമസ്കരിക്കുകയും ചെയ്യുമായിരുന്നു. സൂര്യൻ മധ്യത്തിൽനിന്ന് തെറ്റിയതിനു ശേഷമാണ് യാത്രയാകുന്നതെങ്കിൽ ദ്വുഹ്റും അസ്വ്റും ഒന്നിച്ചു നമസ്കരിക്കുകയും ശേഷം യാത്ര ചെയ്യുകയും ചെയ്യുമായിരുന്നു. മഗ്രിബിന്റെയും ഇശാഇന്റെയും വിഷയത്തിൽ ഇതുപോലെ നബി(സ്വ) ചെയ്യുമായിരുന്നു.”

യാത്രക്കാരനും അവന്റെ വിധിയിലുള്ളവനും ദ്വുഹ്റും അസ്വ്റും തമ്മിലും മഗ്രിബും ഇശാഉം തമ്മിലും ജംആക്കലാണ് മതപരമായി അതിനുള്ള പരിധി. ഇപ്രകാരമാണ് മഴകാരണത്താലും മഴയുടെ വിധിയിലുള്ള ഇതര കാരണങ്ങളാലും ജംആക്കലും. അതിനാൽ ദ്വുഹ്റും അസവ്റും തമ്മിലും മഗ്രിബും ഇശാഉം തമ്മിലും ജംആക്കൽ അനുവദനീയമാകുന്നു. മുകളിൽ പരാമർശിച്ച, ഇബ്നുഅബ്ബാസി(റ)ൽ നിന്നുള്ള ഹദീസിന്റെ തേട്ടം അതാണ്. അബൂബക്ർ(റ), ഉമർ(റ), ഉസ്മാൻ(റ) എന്നിവരും അപ്രകാരം ചെയ്തിട്ടുണ്ട്. മഗ്രിബും ഇശാഉം തമ്മിൽ ജംആക്കുവാനുള്ള കാരണം (ജംആക്കിയില്ലെങ്കിൽ) ബുദ്ധിമുട്ടുണ്ട് എന്നുള്ളതാണ്; അതു ദ്വുഹ്റിന്റെയും അസ്വ്റിന്റെയും വിഷയത്തിലുമുണ്ടല്ലോ.

**ജം ആക്കാവുന്നത് ആർക്ക്?**

യാത്ര ചെയ്തുകൊണ്ടിരിക്കുന്നവനായാലും ഒരിടത്ത് ചെന്നിറങ്ങിയവനായാലും ഒരുപോലെയാണ്. കാരണം ഇത് യാത്രയുടെ ഇളവുകളിൽ ഒരു ഇളവാണ്. യാത്രയുടെ മറ്റു ഇളവുകൾപോലെ സഞ്ചാരമുണ്ടാകണം എന്നത് ഇതിൽ പരിഗണിച്ചിട്ടില്ല. എന്നാൽ ഇറങ്ങിപ്പാർത്തവന് ഏറ്റവും ഉത്തമമായത് ജം ആക്കാതിരിക്കുകയെന്നതാണ്. കാരണം ഹജ്ജുവേളയിൽ നബി(സ്വ) മിനയിൽ താമസിക്കുന്നവനായിരിക്കെ ജംആക്കിയിട്ടില്ല.

നാട്ടിൽ താമസിക്കുന്ന രോഗിക്ക് ജം ആക്കുന്നത് ഒഴിവാക്കിയാൽ ബുദ്ധിമുട്ടാകുമെങ്കിൽ ജം ആക്കൽ അനുവദിക്കപ്പെടും. ഇബ്നു അബ്ബാസ്(റ) പറഞ്ഞു: "ഭയമോ മഴയോ കൂടാതെ തന്നെ അല്ലാഹുവിന്റെ റസൂൽ മദീനയിൽ വെച്ച് ളുഹ്റിനും അസ്റിനും മഗ്രിബിനും ഇശാഇനും ഇടയിൽ ജംആക്കി." മറ്റൊരു നിവേദനത്തിൽ 'ഭയമോ യാത്രയോ കൂടാതെ തന്നെ' എന്നാണുള്ളത്.

ഇനി ശേഷിക്കുന്നത് രോഗമെന്ന ഒഴിവുകഴിവു മാത്രമാണ്. തിരുനബി(സ്വ) ഇസ്തിഹാദത്തുള്ള (രക്തസ്രാവം) സ്ത്രീയോടു രണ്ടു നമസ്കാരങ്ങൾക്കിടയിൽ ജംആക്കുവാൻ കൽപിച്ചിട്ടുണ്ട്. ഇസ്തിഹാദത്ത് ഒരുതരം രോഗമാണ്. മുമ്പുദ്ധരിച്ച ഹദീസിൽ ഇബ്നു അബ്ബാസ്(റ) ചോദിക്കപ്പെട്ടതായി ഇപ്രകാരമുണ്ട്: 'എന്തിനാണ് അത് ചെയ്തത്?' അദ്ദേഹം പറഞ്ഞു: 'തന്റെ ഉമ്മത്തികൾക്ക് പ്രയാസം ഉണ്ടാക്കാതിരിക്കുവാൻ വേണ്ടി.' അതിനാൽ എപ്പോഴാണോ ജംആക്കൽ ഉപേക്ഷിക്കുന്നതിനാൽ ഒരു മനുഷ്യനു പ്രയാസവും ക്ലേശവുമുണ്ടാകുന്നത് അപ്പോൾ അയാൾക്കു ജംആക്കൽ അനുവദനീയമാണ്; അയാൾ രോഗിയായാലും രോഗമല്ലാത്ത ഒഴിവുകഴിവുള്ളവനായാലും നാട്ടിൽ താമസിക്കുന്നവനായാലും യാത്രക്കാരനായാലും.

ജംആക്കി നമസ്കരിക്കുന്നതിനെ അനുവദനീയമാക്കുന്ന രോഗവും യാത്രയുമല്ലാത്ത ഒഴിവുകഴിവുകളിൽ പെട്ടതാണ് താഴെ പറയുന്നവ:

1. വസ്ത്രം നനയ്ക്കുകയും ക്ലേശമേൽപിക്കുകയും ചെയ്യും വിധമുള്ള കനത്ത മഴ.
2. ജനങ്ങൾക്കു നടത്തത്തിനു പ്രയാസം സൃഷ്ടിക്കുന്ന നനഞ്ഞ മണ്ണും ചളിയും.
3. പതിവിനപ്പുറമുള്ള ശക്തമായ ശൈത്യക്കാറ്റ്.

ഇതുപോലെ ജംആക്കൽ ഉപേക്ഷിച്ചാൽ ഒരു ദാസന് പ്രയാസമേൽപിക്കുന്ന ഇതര ഒഴിവുകഴിവുകൾ.

**ജം ആക്കുന്നതിന്റെ പരിധി**

യാത്രക്കാരനും അവന്റെ വിധിയിലുള്ളവനും ദ്വുഹ്റും അസ്റും തമ്മിലും മഗ്രിബും ഇശാഉം തമ്മിലും ജംആക്കലാണ് മതപരമായി അതിനുള്ള പരിധി. ഇപ്രകാരമാണ് മഴകാരണത്താലും മഴയുടെ വിധിയിലുള്ള ഇതര കാരണങ്ങളാലും ജംആക്കലും. അതിനാൽ ദ്വുഹ്റും അസ്റും തമ്മിലും മഗ്രിബും ഇശാഉം തമ്മിലും ജംആക്കൽ അനുവദനീയമാകുന്നു. മുകളിൽ പരാമർശിച്ച, ഇബ്നു അബ്ബാസി(റ)ൽ നിന്നുള്ള ഹദീസിന്റെ തേട്ടം അതാണ്. അബൂബക്ർ(റ), ഉമർ(റ), ഉസ്മാൻ(റ) എന്നിവരും അപ്രകാരം ചെയ്തിട്ടുണ്ട്. മഗ്രിബും ഇശാഉം തമ്മിൽ ജംആക്കുവാനുള്ള കാരണം (ജംആക്കിയില്ലെങ്കിൽ) ബുദ്ധിമുട്ടുണ്ട് എന്നുള്ളതാണ്; അതു ദ്വുഹ്റിന്റെയും അസ്റിന്റെയും വിഷയത്തിലുമുണ്ടല്ലോ.

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വ സ്സുന്ന' എന്ന ഗ്രന്ഥത്തിൽ നിന്നുമെടുത്തത്)*

*(തുടരും)*

ഉസ്മാൻ പാലക്കാഴി
: 9656 292 244

# സ്രഷ്ടാവിൽ ഭരമേൽപിക്കുക

عَنْ عُمَرَ رضي الله عنه قَالَ: سَمِعْتُ رَسول الله صلى الله عليه وسلم يقول :
"لَوْ أَنَّكُمْ تَتَوَكَّلُونَ عَلَى اللهِ حَقَّ تَوَكُّلِهِ لَرَزَقَكُمْ كَمَا يَرْزُقُ الطَّيْرَ، تَغْدُو خِمَاصًا وَتَرُوحُ بِطَانًا" (رواه الترمذي )

ഉമർ(റ) നിവേദനം: നബി(സ്വ) പറയുന്നത് ഞാൻ കേട്ടു:
"നിങ്ങൾ അല്ലാഹുവിൽ ഭരമേൽപിക്കേണ്ട മുറപ്രകാരം ഭരമേൽപിച്ചാൽ പറവകൾക്ക് ഉപജീവനം നൽകുന്നതുപോലെ അവൻ നിങ്ങൾക്കും നൽകുന്നതാണ്. പറവകൾ വിശന്നൊട്ടിയ വയറുമായാണ് പുറത്തേക്ക് പറക്കുന്നത്. എന്നാൽ നിറവയറുമായാണ് അവ കൂടണയുന്നത്" (തുർമുദി).

വിശുദ്ധ ഖുർആൻ സൂറത്തു ഇബ്റാഹീമിൽ സത്യവിശ്വാസിയെ ഉപമിക്കുന്നത് ശക്തമായ ഒരു മരത്തിനോടാണ്. മരമെന്നത് വിശ്വാസിയുടെ ഉത്തമമായ പ്രതീകമാണ്. ആഴത്തിൽ വേരൂന്നിയ കാണ്ഡങ്ങളും അവശർക്ക് തണൽ നൽകുന്ന ചില്ലകളുമുള്ള മരം രൂഢമൂലമായ വിശ്വാസത്തെയും അതുവഴി സിദ്ധിക്കുന്ന സദ്ഗുണ സന്നദ്ധതയെയുമാണ് പ്രതിനിധീകരിക്കുന്നത്. വഴിപോക്കർക്ക് തണൽ നൽകിയും കല്ലെറിയുന്നവന് പോലും ഫലം നൽകിയും സംഹാരശേഷിയുള്ള കൊടുങ്കാറ്റുകളെ അചഞ്ചലമായി പ്രതിരോധിച്ചും ഇളം തെന്നലുകൾക്കു മുമ്പിൽ തലകുനിച്ചു ഏത് വിഷച്ചെടികൾക്കിടയിൽ വളർന്നാലും സ്വന്തം സ്വഭാവം മാത്രം പ്രകടിപ്പിച്ചും സത്യവിശ്വാസിയുടെ സ്വഭാവസവിശേതകളെല്ലാം പ്രതീകാത്മകമായി മരങ്ങൾ നിർവഹിച്ചുവരുന്നു.

മരത്തിന്റെ ഉപമയിലൂടെ വിശ്വാസിയുടെ സ്വഭാവവൈശിഷ്ട്യത്തിന്റെ ഒന്നാമത്തെ തെളിവായി ഇവിടെ എടുത്തു കാണിക്കുന്നത് വിശ്വാസമാണ്; പ്രമാണങ്ങളിൽ വേരൂന്നിയുള്ള വിശ്വാസം. സത്യവിശ്വാസികളുടെ സ്വഭാവമായി ഖുർആൻ പറഞ്ഞ വലിയ ഗുണം ഒരു കാര്യം ദൈവികനിർദേശമാണെന്നറിഞ്ഞാൽ അതിൽ ഉറച്ചു വിശ്വസിക്കുന്ന മനോഭാവമാണ്.

ഇസ്‌ലാമിക ചരിത്രത്തിൽ ഇതിന് എമ്പാടും തെളിവുകൾ കാണാം. രോഗം ബാധിച്ച് അങ്ങേയറ്റം കഷ്ടപ്പെടുമ്പോഴും സ്രഷ്ടാവിൽ മാത്രം ഭരമേൽപിച്ച അയ്യൂബ് നബി(അ)യും ഫിർഔനിന്റെ കൊട്ടാരത്തിൽ കയറി ഏകദൈവ വിശ്വാസം സധീരം പ്രഖ്യാപിച്ച മൂസാനബി(അ)യും നംറൂദ് ഒരുക്കിയ തീക്കുണ്ഡാരത്തിലേക്ക് എറിയപ്പെടുമ്പോൾ 'ഹസ്ബിയല്ലാഹ് വ നിഅ്മൽ വകീൽ' എന്നു പറഞ്ഞ് നടന്നുകയറിയ ഇബ്റാഹീം നബി (അ)യും ദൃഢവിശ്വാസത്തിന്റെ മൂർത്ത പ്രതീകങ്ങളാണ്.

പ്രകോപനങ്ങളിലും പ്രലോഭനങ്ങളിലും കാലിടറാതെ പ്രബോധനം നിർവഹിച്ചുപോന്ന മുഹമ്മദ് നബി(സ്വ)യുടെ ജീവിതത്തിൽ ഇത്തരം സംഭവങ്ങൾ എത്രയോ കാണാം. ജാബിർ(റ) നിവേദനം ചെയ്ത ഒരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം, അദ്ദേഹം പറയുന്നു: "ദാത്തുർരിഖാഅ് യുദ്ധത്തിൽ ഞങ്ങൾ നബി(സ്വ)യോടൊപ്പം ഉണ്ടായിരുന്നു. നല്ല തണലുള്ള മരച്ചുവട്ടിലെത്തിയാൽ ഞങ്ങളത് നബിക്ക് ഒഴിഞ്ഞുകൊടുക്കാറുണ്ട്. ഒരു അവിശ്വാസി വന്നു മരത്തിൽ തൂക്കിയിട്ടിരുന്ന, നബി(സ്വ)യുടെ വാൾ കൈക്കലാക്കി. അത് ഊരിപ്പിടിച്ച് നബിയോട് ചോദിച്ചു: 'നീ എന്നെ പേടിക്കുന്നോ?' ഇല്ലെന്ന് പറഞ്ഞപ്പോൾ നിന്നെ ആർ രക്ഷിക്കുമെന്നായി അടുത്ത ചോദ്യം. 'അല്ലാഹു' എന്നായിരുന്നു നബി(സ്വ)യുടെ മറുപടി. ഉടനെ വാൾ അവന്റെ കൈയിൽ നിന്നും വീണു" (ബുഖാരി).

പാരത്രിക സൗഖ്യമെന്ന ഒരൊറ്റ ലക്ഷ്യം മാത്രം മുമ്പിൽ കണ്ട് ജീവിക്കുന്നവർക്കേ പടച്ചവനിൽ പൂർണാർഥത്തിൽ ഭരമേൽപിക്കാൻ കഴിയുകയുള്ളൂ. ഇങ്ങനെ ഭരമേൽപിക്കുന്നവർക്ക് അല്ലാഹു പരലോകവിജയം നൽകുമെന്ന് മാത്രമല്ല; ഇഹലോകത്ത് ഉപജീവനവും നൽകും. അതിന് അവനവന്റെ കർത്തവ്യങ്ങൾ കൃത്യമായി ചെയ്യണമെന്ന് മാത്രം. പക്ഷികൾ ഒട്ടിയ വയറുമായി കൂട്ടിനകത്ത് മടിപിടിച്ച് ഇരിക്കുകയല്ല ചെയ്യുന്നത്. അതിരാവിലെ പുറപ്പെടും; വൈകുന്നേരം വരെ അക്ഷീണം ഭക്ഷണം തേടിയലയും. അങ്ങനെ നിറവയറുമായി മടങ്ങും. വിശ്വാസികൾ ഇങ്ങനെയായിരിക്കണം. ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യണം; എന്നിട്ട് സ്രഷ്ടാവിൽ ഭരമേൽപിക്കണം. ഞാൻ റബ്ബിൽ ഭരമേൽപിച്ചിരിക്കുന്നു എന്നു പറഞ്ഞ് വീട്ടിലിരുന്നാൽ തന്റെയും കുടുംബത്തിന്റെയും വിശപ്പ് മാറാൻ ഭക്ഷണം ലഭിക്കില്ല. ■

ശാക്കിറ ടി.കെ, കൊല്ലം

# വിനഷ്ടമായ തണലുകൾ

ഒറ്റയ്ക്കിരിക്കവെ
ഓർമതൻ അടരുകൾ
ഓരോന്നുമെന്നുള്ളിൽ
ഓടിയെത്തി.
എന്നെ ഞാനാക്കിയോർ
എത്ര പൊടുന്നനെ
എന്നെത്തനിച്ചാക്കി യാത്രയായി!
മാതൃത്വ മധുരിമ സ്നേഹമായ്
ചേർന്നൊട്ടിയെന്നെ
വാർത്തെടുത്തത്
ഇന്നൊരുപിടി ഓർമകൾ!
ഉപ്പയാം വൻമരം
കാവലായ് ചുറ്റിപ്പടർ-
ന്നേറ്റിയെന്നെയൻപോടു
കാത്തുവച്ചു.
സ്വപ്നങ്ങൾ കാണാനും
ലക്ഷ്യത്തിലെത്താനും
നേർവഴി തെറ്റാതിരിക്കുവാനും
സർവാധിനാഥന്റെ
സംതൃപ്തി നേടാനും
നന്നായ് ശ്രമിക്കണമെന്നു നിരന്തരം
നെഞ്ചോട് ചേർത്തെന്നെയുപദേശിച്ചതും
ആ തണൽ മരമാണ്.
വിജ്ഞാന സാഗരത്തിലേക്ക്
കൈപിടിച്ചാനയിച്ച ഗുരുനാഥർ...
അങ്ങനെ; ഞാനറിയുന്ന,
എന്നെയറിയുന്ന ആരെല്ലാം
ആറടി മണ്ണിനടിയിലായി!
എത്ര ഹ്രസ്വമീ ജീവിതം!






Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

43rd
معرض الشارقة الدولي للكتاب
SHARJAH INTERNATIONAL BOOK FAIR

# ഷാർജ അന്താരാഷ്ട്ര പുസ്തകമേളയിൽ
# പുറത്തിറങ്ങി..!!










കേരളം കണ്ട മികച്ച ധിഷണാശാലികളിൽ ഒരാളാണ് ഡോ: ഉസ്മാൻ സാഹിബ്. അദ്ദേഹത്തിന്റെ മൂർച്ചയേറിയ തൂലികയിൽ നിന്ന് മലയാളികൾക്ക് ലഭിച്ചത് അത്യപൂർവ്വ രചനകളാണ്. യുക്തിവാദികളും മതപുരോഹിതരും ആ മഹാന്റെ തൂലികക്കു മുന്നിൽ മുട്ട് മടക്കിയതാണ് ചരിത്രം. പുതിയ തലമുറക്ക് പഠിക്കാനും പകർത്താനും നിരവധി കാര്യങ്ങൾ ഉള്ളതിനാൽ, 'സൽസബീലി'ന്റെ പഴയ താളുകളിലുള്ള കനപ്പെട്ട ലേഖനങ്ങൾ ചെറുകൃതികളാക്കി വിസ്ഡം ബുക്സ് ആണ് പുറത്തിറക്കിയിരിക്കുന്നത്.

WISDOM BOOKS
വിസ്ഡം ബുക്സ്:
വായനയുടെ വസന്തം;
നൈതികതയുടെ വീണ്ടെടുപ്പ്

SHARJAH INTERNATIONAL BOOK FAIR
**ZC : 09 (HALL NO. 7)**





**WISDOM BOOKS AND PUBLICATIONS**
CV Complex, PV Swami Road, Chalappuram, Kozhikode 673 002.
Mob: +91 7356766478 www.wisdombooksonline.com


www.wisdombooksonline.com

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
09 November 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM YOUTH

wisdomyouth

*Acing you to the next level*

# PROFACE 4.0

## PROFESSIONALS' FAMILY CONFERENCE



# 16 17 NOVEMBER 2024

## EK NAYANAR ACADEMY KANNUR

WISDOM ISLAMIC
YOUTH ORGANIZATION
KERALA STATE COMMITTEE

8157866866 9633872866

*For Registration*